# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പാണ്ടിക്കാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ എം പി എം 7/2358/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 19/12/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാണ്ടിക്കാട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ എം പി എം 7/2358/2023 തീയ്യതി: 19/12/2023

## മലപ്പുറം ജില്ലയിലെ പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 12-10-2022 മുതൽ 09-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 18-10-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി **(**മുതൽ**)** | തീയതി **(**വരെ**)** |
|---|---|---|---|
| ശ്രീമതി. ചിത്രലേഖ കെ (കെ.എ.എസ്) | ഡെപ്യൂട്ടി ഡയറക്ടർ | 10-10-2023 | 18-10-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി **(**മുതൽ**)** | തീയതി **(**വരെ**)** |
|---|---|
| 10-10-2023 | 18-10-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

1. ശ്രീ.അബ്ദുൾ ജലീൽ.ടി.പി , ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
2. ശ്രീ. മുഹമ്മദ് സലീം .ടി,അസി.ഓഡിറ്റ് ഓഫീസർ
3. ശ്രീ.യൂസുഫ്.പി,അസി. ഓഡിറ്റ് ഓഫീസർ
4. ശ്രീമതി.ഹസീന.സി,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(**മുതൽ**)** | തീയതി **(**വരെ**)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി. ടി.കെ റാബിയത്ത്. | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.സുധീർ കുമാർ ആളൂർ | സെക്രട്ടറി | 01-04-2022 | 01-10-2022 |
| ശ്രീ.എം.ഡി .ജോയ് | സെക്രട്ടറി | 02-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അശോകൻ.ടി.വി | അസി.സെക്രട്ടറി | 01-04-2022 | 20-10-2022 |
| ശ്രീമതി.ഷിജി പ്രഭ.പി | അസി.സെക്രട്ടറി | 21-10-2022 | 31-03-2023 |
| ശ്രീമതി.ഷബ്ന യാസ്മിൻ | കൃഷി ഓഫീസർ | 01-04-2022 | 09-04-2022 |
| ശ്രീമതി.നിഹല.എ.പി | കൃഷി ഓഫീസർ | 10-04-2022 | 09-10-2022 |
| ശ്രീമതി.ലിനി.ജി | കൃഷി ഓഫീസർ | 10-10-2022 | 16-01-2023 |
| ശ്രീമതി.സ്വഫ.സി | കൃഷി ഓഫീസർ | 17-01-2023 | 31-03-2023 |
| ശ്രീമതി.ആര്യ.ആർ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 31-03-2023 |
| ശ്രീ.സാജൻ.എൻ | വി.ഇ.ഒ | 01-04-2022 | 12-01-2023 |
| ശ്രീ.ജിഷ്ണു ഉദയൻ | വി.ഇ.ഒ | 13-01-2023 | 11-03-2023 |
| ശ്രീ.ജയപ്രകാശ് .കെ.വി | വി.ഇ.ഒ | 12-03-2023 | 31-03-2023 |
| ഡോ.നൗഷാദലി | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ.സരിത.എ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2022 | 31-03-2023 |
| ഡോ.അഞ്ജു.സി.രാജ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 19-04-2022 |
| ഡോ.സനൽ.പി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 20-04-2022 | 31-03-2023 |
| ഡോ.ഫെമിന.പി.എം | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2022 | 31-03-2023 |
| ശ്രീമതി. സുമ.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ.കാസിം | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ഉഷ.എം | ഹെഡ് മിസ്ട്രസ്സ് | 01-04-2022 | 31-03-2023 |
| ശ്രീ.മുഹമ്മദലി | ഡയറി എക്സ്റ്റെൻഷൻ ഓഫീസര് | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുക വ്യത്യാസം | 1-1-2 |
| 4 | ഡെപ്പോസിറ്റ് മുന്നിരിപ്പ് വിശദാംശങ്ങൾ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-3 |
| 5 | അഡ്വാൻസ് രജിസ്റ്റർ പൂർണ്ണമല്ല | 1-1-4 |
| 6 | ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ വിശദാംശങ്ങൾ ഉൾപ്പെടുത്തി പൂർണ്ണമാക്കിയിട്ടില്ല | 1-1-5 |
| 7 | വാടക രജിസ്റ്ററിൽ പൂർണ്ണ വിവരം ഉൾപ്പെടുത്തിയിട്ടില്ല | 1-1-6 |
| 8 | തൊഴിൽ നികുതി ബാലൻസ് B-15 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-7 |
| 9 | ലൈസൻസ് ഫീ തൻവർഷ ഡിമാന്റ് I-4 ഷെഡ്യൂളിൽ കുറവായി ഉൾപ്പെടുത്തിയിരിക്കുന്നു. | 1-1-8 |
| 10 | വസ്തുനികുതി-സഞ്ചയ ഡി.സി.ബി സ്റ്റേറ്റ്മെന്റും വാർഷിക കണക്കും പൂർണ്ണമായി പൊരുത്തമില്ല | 1-1-9 |
| 11 | മുൻകൂറുകൾ ബന്ധപ്പെട്ട ഹെഡുകളിൽ ചെലവായി ഉൾപ്പെടുത്തിയിട്ടില്ല. | 1-1-10 |
| 12 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | സാമ്പത്തിക വിശകലനം | 1-3 |
| 15 | ഫണ്ട് വിനിയോഗം | 1-4 |
| 16 | ഗ്രാന്റ് വിനിയോഗ പത്രിക ചെലവും ACR പ്രകാരമുള്ള ചെലവും വ്യത്യാസപ്പെട്ടിരിക്കുന്നു. | 1-4-1 |
| 17 | പദ്ധതി അവലോകനം | 1-5 |
| 18 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 19 | ക്ഷേമപദ്ധതികൾ | 1-7 |
| 20 | ക്യാഷ് പരിശോധന | 1-8 |
| 21 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 22 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 23 | നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം. | 1-11 |
| 24 | തനതു വരുമാനം-അവലോകനം. | 1-12 |
| 25 | ലൈസൻസ് -അപാകതകൾ. | 1-13 |
| 26 | തൊഴിൽ നികുതി -അപാകതകൾ | 1-14 |
| 27 | വരവിനങ്ങളിൽ കുടിശ്ശിക നിലനില്ക്കുന്നു | 1-15 |
| 28 | റഗുലറൈസ്ഡ് കെട്ടിടങ്ങളുടെ രജിസ്റ്റർ പൂർണ്ണമല്ല. | 1-16 |
| 29 | സ്കൂളുകളിലെ അനധികൃ കെട്ടിടങ്ങൾ - തുടർ നടപടി വിവരം ലഭ്യമാക്കണം | 1-17 |
| 30 | വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനവും സ്വിമ്മിംഗ് സ്യൂട്ട് വിതരണവും എന്ന പ്രൊജക്റ്റ് - രേഖകൾ ലഭ്യമല്ല. | 1-18 |
| 31 | എസ്.എസ്.കെ പ്രൊജക്റ്റ് - ഗ്രാമപഞ്ചായത്തിന്റെ പങ്കാളിത്തം ഉറപ്പാക്കിയില്ല. | 1-19 |
| 32 | കാരായ കാവുങ്ങൽപറമ്പ് മണ്ടകക്കുന്ന് എരഞ്ഞിക്കുത്ത് റോഡ് പുനരുദ്ധാരണം എന്ന പ്രവത്തി നടപ്പാക്കിയതിലെ അപാകതകൾ. | 1-20 |
| 33 | കരാറുകാർക്ക് ടെണ്ടർ അധികനിരക്ക് നൽകൽ. വിശദാംശം ലഭ്യമാക്കേണ്ടതാണ്. | 1-21 |
| 34 | പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല; നഷ്ടം 10051 രൂപ | 1-22 |
| 35 | സ്റ്റീൽ മേൽക്കൂര നിർമാണത്തിന് അധിക നിരക്ക് നൽകി; നഷ്ടം 100519 രൂപ | 1-23 |
| 36 | ഹോമിയോ മരുന്ന് മുഴുവനും ലഭ്യമായില്ല. | 1-24 |
| 37 | നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകിയ മുൻകൂറുകൾ ക്രമീകരിച്ചില്ല. | 1-25 |
| 38 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിനു നൽകിയ മുൻകൂർ ക്രമീകരിച്ചില്ല. | 1-26 |
| 39 | കെഎസ്ഇബിക്ക് നൽകിയ മുൻകൂറുകൾ ക്രമീകരിച്ചില്ല. | 1-27 |

| | | |
|---|---|---|
| 40 | അംഗണവാടികൾക്ക് മിക്സി വാങ്ങൽ -ഉണനിലവാരം വിലയിരുത്തിയത് ആധികാരികമല്ല | 1-28 |
| 41 | സർക്കാർ നിർദ്ദേശം ലംഘിച്ച് മരുന്ന് വാങ്ങി | 1-29 |
| 42 | മരുന്ന് പൂർണ്ണമായി ലഭിച്ചിട്ടില്ല | 1-30 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | സ്റ്റീൽ മേൽക്കൂര നിർമാണത്തിന് അധിക നിരക്ക് നൽകി; നഷ്ടം 100519 രൂപ | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരം | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I). കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 27-07-2023 ലെ 1/1 കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 27.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പാണ്ടിക്കാട് ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii). C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച് അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii). എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പാണ്ടിക്കാട് ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തീയതി: 19.12.2023

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം62(2)(എഫ്)പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുക വ്യത്യാസം

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ' Net Increase In Cash And Cash Equivalance ' ആയി രേഖപ്പെടുത്തിയ തുകയും (19793004) ഇതേ പത്രികയിൽ 'Net Cash Generated By Operating + Investing + Financing Activity ' (A+B+C) ആയി രേഖപ്പെടുത്തിയ തുകയും (-13004708) തുല്യമല്ല.

### 1-1-3 ഡെപ്പോസിറ്റ് മുന്നിരിപ്പ് വിശദാംശങ്ങൾ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല

ഡെപ്പോസിറ്റ് രജിസ്റ്ററിൽ മുൻ വർഷത്തെ ഡെപ്പോസിറ്റുകൾ ക്രമീകരിക്കാൻ ശേഷിക്കുന്നതിന്റെ വിശദാംശങ്ങൾ ചേർത്തിട്ടില്ല. B-7 ഷെഡ്യൂൾ പ്രകാരമുള്ള ബാലൻസിന്റെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

### 1-1-4 അഡ്വാൻസ് രജിസ്റ്റർ പൂർണ്ണമല്ല

അഡ്വാൻസ് രജിസ്റ്റർ പൂർണ്ണമല്ല. B-18 ഷെഡ്യൂൾ പ്രകാരം 9 സബ് ഹെഡുകളിൽ മുൻകൂർ ക്രമീകരിക്കാൻ ശേഷിക്കുന്നു. അവയിലെ ഫെസ്റ്റിവൽ അഡ്വാൻസ്, MGNREGS മുൻകൂറുകൾ സംബന്ധിച്ച രേഖപ്പെടുത്തലുകൾ മാത്രമാണ് അഡ്വാൻസ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. MGNREGS ക്രമീകരിച്ച രശീതി/വൗച്ചർ വിവരം രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്റർ

സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. B-18 ഷെഡ്യൂൾ പ്രകാരം MGNREGS 1276958 രൂപ ക്രമീകരിക്കുന്നതിന് ശേഷിക്കുന്നുവെങ്കിലും ആയത് വ്യക്തമാക്കുന്ന വിധം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

## 1-1-5 ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ വിശദാംശങ്ങൾ ഉൾപ്പെടുത്തി പൂർണ്ണമാക്കിയിട്ടില്ല

B-12ഷെഡ്യൂൾ പ്രകാരം 3520227 രൂപ നിക്ഷേപമുണ്ട്. വിശദാംശങ്ങൾ ഉൾപ്പെടുത്തി ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## 1-1-6 വാടക രജിസ്റ്ററിൽ പൂർണ്ണ വിവരം ഉൾപ്പെടുത്തിയിട്ടില്ല

B-15ഷെഡ്യൂൾ പ്രകാരം Rent From Lease Of Land: 40,294 രൂപ; Rent From Comfert Station: 56,300 രൂപ എന്നിങ്ങനെ കുടിശ്ശികയുണ്ട്. RP-3 ഷെഡ്യൂൾ പ്രകാരം Rent From Auditorium/Hall ഇനത്തിൽ 31500 രൂപ വരവുണ്ട്. പ്രസ്തുത കുടിശ്ശികയുടെയും വരവിന്റെയും വിവരം വാടക രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. വാടക രജിസ്റ്റർ ഡിമാന്റ്-കളക്ഷൻ-ബാലൻസ് ക്രമത്തിൽ സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല.

## 1-1-7 തൊഴിൽ നികുതി ബാലൻസ് B-15 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

തൊഴിൽ നികുതി (എംപ്ലോയീസ്) I-1 ഷെഡ്യൂൾ പ്രകാരം ഡിമാന്റ് 1887760 രൂപയും RP-1 ഷെഡ്യൂൾ പ്രകാരം കളക്ഷൻ 1852010രൂപയുമാണ്. 35750 രൂപ ബാലൻസ്. എന്നാൽ B-15 ഷെഡ്യൂളിൽ പ്രസ്തുത ബാലൻസ് ഉൾപ്പെടുത്തിയിട്ടില്ല. കുറവ് വന്ന തുക ശമ്പള ബില്ലിൽ നിന്ന് അഡ്ജസ്റ്റ് ചെയ്തതാണോയെന്ന് ഡിമാന്റ്/കളക്ഷൻ രജിസ്റ്ററിൽ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്താത്തതിനാൽ ഉറപ്പാക്കാനായിട്ടില്ല.

## 1-1-8 ലൈസൻസ് ഫീ തൻവർഷ ഡിമാന്റ് I-4 ഷെഡ്യൂളിൽ കുറവായി ഉൾപ്പെടുത്തിയിരിക്കുന്നു.

ലൈസൻസ് ഫീ ഇനത്തിൽ രജിസ്റ്റർ പ്രകാരം അഡ്വാൻസ് കളക്ഷൻ 253550യും തൻ വർഷ കളക്ഷൻ 187700 രൂപയുമുണ്ട്. ആകെ കളക്ഷൻ 441250 രൂപ. എന്നാൽ I-4 ഷെഡ്യൂൾ പ്രകാരം 187700 രൂപ മാത്രമാണ് തൻവർഷ ഡിമാന്റ്.

## 1-1-9 വസ്തുനികുതി-സഞ്ചയ ഡി.സി.ബി സ്റ്റേറ്റ്മെന്റും വാർഷിക കണക്കും പൂർണ്ണമായി പൊരുത്തമില്ല

സഞ്ചയ ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തുനികുതി-[ഡിമാന്റ്,കളക്ഷൻ, കുടിശ്ശിക] വിവരം വാർഷിക കണക്കുമായി പൂർണ്ണമായി പൊരുത്തപ്പെടുന്നില്ല.

**A) തന്നാണ്ട്**

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| ഡി.സി.ബി.സ്റ്റേറ്റ്മെന്റ് | 93,67,817 | 87,88,646+26,848(book Adjustment) **=88,15,494** | 5,95,364 |
| വാർഷിക കണക്ക് | 93,67,817 | 87,64,846+26,848(book Adjustment) **=87,91,694** | 5,94,384 |

**B)കുടിശ്ശിക**

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| ഡി.സി.ബി.സ്റ്റേറ്റ്മെന്റ് | 21,25,414 | 15,78,925 | 5,48,950 |
| വാർഷിക കണക്ക് | 21,60,725 | 13,94,188 | 5,48,304 |

*ഓരോ നിരയിലെയും ബാലൻസ് ആയതിന്റെ ഡിമാന്റ്,കളക്ഷൻ എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

*ലൈബ്രറി സെസ്സിലും ഇപ്രകാരം വ്യത്യാസം നില നിൽക്കുന്നു.

## 1-1-10 മുൻകൂറുകൾ ബന്ധപ്പെട്ട ഹെഡുകളിൽ ചെലവായി ഉൾപ്പെടുത്തിയിട്ടില്ല.

മൂന്ന് പ്രൊജക്ടുകളിലായി 5,27,178 രൂപ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിലും രണ്ട് പ്രൊജക്ടുകളിലായി 162260 രൂപ കെ.എസ്.ഇ.ബിയിലും നിക്ഷേപ പ്രവൃത്തികൾക്കായി നിക്ഷേപിച്ചിട്ടുണ്ട്. പ്രസ്തുത ചെലവുകൾ ബന്ധപ്പെട്ട ഡെപ്പോസിറ്റ് പ്രവൃത്തികളുടെ ഹെഡുകളിൽ ചെലവായി ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-11 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

മുഴുവൻ ആസ്തികളുടെയും മൂല്യം കണക്കാക്കി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

**1-1-12 വിവിധ ഫണ്ടുകളുടെ ACRകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.**

B4 ഷെഡ്യൂൾ പ്രകാരം TSC, ICDS, യുവക്രീഡ എന്നിങ്ങനെ വിവിധ ഗ്രാന്റുകളുടെയും ഫണ്ടുകളുടെയും ബാലൻസ് ഉണ്ടെങ്കിലും

അവയുടെ ACRകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ പ്രസ്തുത ഫണ്ടുകളുടെ കൃത്യ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

## 1-2 ബജറ്റ്

| 2022-23ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ തീരുമാന നം./തിയ്യതി |
|---|---|
| 1/1 തീയതി. 22-03-2022 | 1/1 തീയതി. 14-03-2023 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 93221566 |
| വരവ് | 282895383 |
| ആകെ | 376116949+ |
| ചെലവ് | 295900091 |
| നീക്കിയിരിപ്പ് | 80216858 |

കുറിപ്പ്:- വരവ് RP+ACR + EFMS + Pension (I 14d)
RD + ACR + EFMS + Pension (I 14d)

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 35239457 | 35239457 | 33151468 | 2087989 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 11578773 | 11578773 | 11419813 | 158960 |
| വികസനഫണ്ട് (ടി.എസ്.പി.) | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 15727000 | 15727000 | 10770103 | 4956897 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 9437000 | 9437000 | 9429050 | 7950 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ടൈഡ്) | 0 | 12426722 | 12426722 | 5863518 | 6563204 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്(അൺ ടൈഡ്) | 0 | 6591283 | 6591283 | 5086857 | 1504426 |
| ബി ഫണ്ട് | 0 | 78843180 | 78843180 | 78843180 | 0 |

### 1-4-1 ഗ്രാന്റ് വിനിയോഗ പത്രിക ചെലവും ACR പ്രകാരമുള്ള ചെലവും വ്യത്യാസപ്പെട്ടിരിക്കുന്നു.

ഗ്രാന്റ് വിനിയോഗ പത്രിക ചെലവും ACR പ്രകാരമുള്ള ചെലവും വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഫണ്ട് ഇനം | ഗ്രാന്റ് വിനിയോഗ പത്രിക | എ.സി.ആർ |
|---|---|---|
| വികസന ഫണ്ട് ജനറൽ | 37570011 | 33151468 |
| വികസന ഫണ്ട് (എസ്.സി.പി) | 15627872 | 11419813 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തത് (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 341 | 4878849410 | 264 | 139202095 | 0 | 77 | 77 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1106 | 1523796 | 1524902 | 1088549 | 436353 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 36819364 | 36819364 | 36819364 | 0 |

കുറിപ്പ്: പ്രത്യേകമായി ലഭ്യമാക്കിയ വരവ് ചെലവ് പത്രിക പ്രകാരമാണ് വിവരം ചേർത്തിട്ടുള്ളത്.

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 42480 | 33 |
| കർഷക തൊഴിലാളി പെൻഷൻ | 8079000 | 696 |
| വിധവാ പെൻഷൻ | 25251500 | 2287 |
| വാർദ്ധക്യകാല പെൻഷൻ | 33832000 | 13194 |
| വികലാംഗ പെൻഷൻ | 9236100 | 841 |
| വിധവകളുടെ പെണ്മക്കൾക്കുള്ള വിവാഹ ധനസഹായം | 660000 | 22 |
| 50 വയസിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 1699900 | 159 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.10.2023 ന് 3.00 PM മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3610/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം പ്രതി വർഷം നടത്തി ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല.
2. കൃഷി ഓഫീസർ, വെറ്റിനറി സർജൻ എന്നിവരുടെ പദ്ധതികളുടെ ഫയലുകളിൽ മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ല.
3). സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകളുടെ വിവരവും രജിസ്റ്ററിൽ ലഭ്യമല്ല.
4) കമ്പ്യൂട്ടർ പ്രിന്ററുകൾ,യു പി എസ്,മൗസ്, തുടങ്ങിയ ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
5) . അഡ്വാൻസ് രജിസ്റ്ററിൽ വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.8.2022 മുതൽ 12.8.2022 വരെ | 1/2022 മുതൽ 2/2022 വരെ | 24.8.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.09.2023 | 2019-20 To 2021-22 | ലഭ്യമായിട്ടില്ല. |

## 1-11 നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ – അവലോകനം.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡെപ്പോസിറ്റ് ചെയ്യുകയാണ് ചെയ്തുവരുന്നത്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡിപ്പോസിറ്റ് തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/മൂല്യനിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച്ച വരുത്തുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികൾക്ക് മുൻകൂർ നൽകിയ തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ടോ എന്ന് പരിശോധനക്ക് വിധേയമാക്കലാണ് ഈ അവലോകനത്തിന്റെ ലക്ഷ്യം. 2012-13 മുതൽ 2021-22വരെയുള്ള കാലയളവുകളിലെ ഈ വകുപ്പ് പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകൾ , പ്ലാൻ മോണിറ്ററിംഗ് സോഫ്റ്റ്‌വെയറിൽ (സുലേഖ) നിന്നുള്ള വിവരങ്ങൾ എന്നിവ അടിസ്ഥാനമാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ഓഡിറ്റ് എൻക്വയറി [എൻക്വയറി നമ്പർ 5/12.10.2023] നൽകി, ആയതിന്റെ അടിസ്ഥാനത്തിലാണ് ഈ അവലോകനം തയ്യാറാക്കിയിട്ടുള്ളത്.

| ക്ര.ന (1) | പ്രൊജക്ട് (2) | സാമ്പത്തിക വർഷം (3) | ഏജൻസി (4) | മുൻകൂർ നൽകിയ തുക (5) | ഫണ്ട് ഇനം (6) | ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരം) (7) | ചെലവഴിക്കാൻ അവശേഷിക്കുന്ന / ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക (8) |
|---|---|---|---|---|---|---|---|
| 1 | ഒടോമ്പറ്റ-പാലോട് കുടിവെള്ള പദ്ധതി വൈദ്യുതീകരണം 236 | 2014-15 | KSEB | 159564 | Own Fund - | | 159564 |
| 2 | പൂളമണ്ണ-വളവ് കുടിവെള്ള പദ്ധതി വൈദ്യുതീകരണം 237 | 2014-15 | KSEB | 159564 | Own Fund - | | 159564 |
| 3 | നാട്ടുകൽ കോളനി കുടിവെള്ള പദ്ധതി വൈദ്യുതീകരണം 238 | 2014-15 | KSEB | 109395 | Development Fund(S.C.P) - 89178 , Own Fund - 20217 | | 109395 |
| 4 | ചെമ്പ്രശ്ശേരി-പുളിവെട്ടിക്കാവ് റോഡിലെ വൈദ്യുതി ലൈൻ മാറ്റൽ 285 | 2014-15 | KSEB | 31606 | Own Fund - | | 31606 |
| 5 | വിവിധ കുടിവെള്ള പദ്ധതികൾ വൈദ്യുതീകരിക്കുന്നതിന് സി.ഡി/ഓ.വൈ.ഇ.സി അടവാക്കൽ 35 | 2016-17 | KSEB | 175716 | Own Fund - | | 175716 |
| 6 | വിവിധ കുടിവെള്ള പദ്ധതികൾ വൈദ്യുതീകരിക്കുന്നതിന് സി.ഡി/ഓ.വൈ.ഇ.സി | 2017-18 | KSEB | 241767 | Own Fund - | | 241767 |

| | | | | | | | |
|---|---|---|---|---|---|---|---|
| | അടവാക്കൽ 43 | | | | | | |
| 7 | സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കൽ 282 | 2017-18 | KSEB | 1579672 | Own Fund - | | 1579672 |
| 8 | കൊടുവേലിക്കുന്ന്, പന്നിക്കുഴി മുതലായ വിവിധ കുടിവെള്ള പദ്ധതികൾ വൈദ്യുതീകരണം | 2018-19 | KSEB | 415066 | Own Fund - | | 415066 |
| 9 | വിവിധ കുടിവെള്ള പദ്ധതികൾ വൈദ്യുതീകരണം 384 | 2018-19 | KSEB | 55018 | Own Fund - | | 55018 |
| 10 | സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കൽ 387 | 2018-19 | KSEB | 235060 | Own Fund - | | 235060 |
| 11 | കുറ്റിപ്പുളി അംഗൻവാടിക്ക് വൈദ്യുതി കണക്ഷൻ എടുക്കുന്നതിന് കെ.എസ്.ഇ.ബിക്ക് തുക ഒടുക്കൽ 430 | 2018-19 | KSEB | 32142 | Own Fund - 32142 | | 32142 |
| 12 | മാറ്റിസ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബിക്ക് തുക ഒടുക്കൽ 431 | 2018-19 | KSEB | 25000 | Own Fund - | | 25000 |
| 13 | പനമ്പറ്റ ത്രാച്ചിക്കുളം,കുഴിക്കാട്ടുപറമ്പ് വരിക്കോട്ടിൽ കോളനി, കളത്തിൽ കോളനി എന്നീ റോഡുകളിലെ വൈദ്യുതി പോസ്റ്റ് മാറ്റിസ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബിക്ക് തുക ഒടുക്കൽ 435 | 2018-19 | KSEB | 74150 | Own Fund - | | 74150 |
| 14 | മാങ്ങോട്ട്കുന്ന് കുടിവെള്ള പദ്ധതി വൈദ്യുതീകരണവും കെഎസ്ഇബിക്ക് തുക അടവാക്കലും 402 | 2019-20 | KSEB | 233375 | Own Fund - | | 233375 |
| 15 | ആർപ്പിനിക്കുന്ന് കുടിവെള്ള പദ്ധതി വൈദ്യുതീകരണവും കെഎസ്ഇബിക്ക് തുക അടവാക്കലും 403 | 2019-20 | KSEB | 154776 | Own Fund - | | 154776 |
| 16 | എറിയാട് കുടിവെള്ള പദ്ധതി പോസ്റ്റ് മാറ്റിസ്ഥാപിക്കുന്നതിന് കെഎസ്ഇബിക്ക് തുക ഒടുക്കൽ227 | 2020 -21 | KSEB | 252839 | Development Fund(CFC Tied Grant ) - 200000 , Development Fund(General) - 52839 | | 252839 |
| 17 | സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കൽ 267 | 2020-21 | KSEB | 498150 | Development Fund(CFC Basic Grant ) - | | 498150 |
| 18 | കുടിവെള്ള പദ്ധതികൾക്കുള്ള | 2021-22 | KSEB | 347503 | Development | | 347503 |

| | | | | | | | |
|---|---|---|---|---|---|---|---|
| | വൈദ്യുതി ലൈൻ വലിക്കൽ 211 | | | | Fund(CFC Tied Grant ) - | | |
| 19 | വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ 215 | 2021-22 | KWA | 500000 | Development Fund(CFC Tied Grant ) - | | 500000 |
| 20 | വിവിധ അംഗനവാടികളിലേക്ക് കുടിവെള്ളം ലഭ്യമാക്കൽ 294 | 2021-22 | | 22385 | Development Fund(CFC Tied Grant ) - | | 22385 |
| 21 | വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ 370 | 2021-22 | KWA | 1700000 | Development Fund(CFC Tied Grant ) - | | 1700000 |
| 22 | കണ്ടംകള്ളി കുടിവെള്ള പദ്ധതി വൈദ്യുതീതരണം 136 | 2013-14 | KWA | 100981 | Development Fund(S.C.P) - 50000 , Own Fund - 50981 | | 100981 |
| 23 | വരൾച്ചാ ദുരിദാശ്വാസത്തിൽ ഉൾപ്പെടുത്തി വിവിധകുടിവെള്ള പദ്ധതികളുടെ സി.ഡി.ഓ.വൈ.ഇ.സി അടവാക്കൽ 203 | 2013-14 | KSEB | 55360 | Own Fund - 55360 | | 55360 |
| 24 | എറിയാട് കോളനി കുടിവെള്ള പദ്ധതി വൈദ്യുതീകരണം 215 | 2013-14 | KSEB | 80510 | Development Fund(S.C.P) - | | 80510 |
| 25 | വലിയാത്ര കോളനി കുടിവെള്ള പദ്ധതി-പൈപ്പ് ലൈൻ നീട്ടൽ 219 | 2013-14 | KWA | 150000 | Development Fund(S.C.P) | | 150000 |
| 26 | കാരായപള്ളിക്ക് സമീപം കുഴൽകിണർ നിർമ്മിക്കൽ 229 | 2013-14 | GWD | 70950 | Own Fund - | | 70950 |
| ആകെ | | | | | | | 7460549/- |

മേൽ പ്രവൃത്തികളിലായി 7460549/- രൂപ വിവിധ ഏജൻസികളിൽ നിന്നും തിരിച്ച് ലഭിക്കാൻ അവശേഷിക്കുന്നുണ്ട്. ആയത് ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതും, പ്ലാൻ ഫണ്ട് വിഹിതം സർക്കാറിലേക്ക് അടവാക്കേണ്ടതുമാണ്.

## 1-12 തനതു വരുമാനം-അവലോകനം.

തനതു വരുമാനം- പാണ്ടിക്കാട് ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികളും ആയതിന്റെ പുരോഗതിയും പരിശോധിച്ച് തയ്യാറാക്കിയ അവലോകനം.

1). ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം.

ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ബജറ്റ് , ഗ്രാന്റുകളുടെ വിനിയോഗം, നികുതികളുടേയും, ഫീസുകളുടെയും തിട്ടപ്പെടുത്തൽ, അക്കൗണ്ടുകൾ മാസം തോറും ഓഡിറ്റ് ചെയ്യുക, ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി കൗൺസിലിന് മുമ്പാകെ ഹാജരാക്കുക, ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന ഏതൊരു തുകക്കും ബജറ്റ് വിഹിതം വകയിരുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുക എന്നീ പ്രവർത്തനങ്ങളാണ് പ്രധാനമായും ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കുന്നത്. 2022-23 വർഷത്തെ ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി മിനിറ്റ്സുകൾ പരിശോധിച്ചതിൽ 18മീറ്റിംഗുകൾ കൂടിയിട്ടുണ്ടെങ്കിലും പൊളിച്ചു കളഞ്ഞ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ, വരവ്-ചെലവ് കണക്കുകളുടെ അംഗീകാരം എന്നിവയാണ് പ്രധാന അജണ്ടയായി ഉൾപ്പെടുത്തിയിട്ടുള്ളത്. പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പുതിയ വിഭവസ്രോതസുകളെക്കുറിച്ച് കമ്മിറ്റി ചർച്ച ചെയ്തിട്ടില്ല.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി സ.ഉ (കൈ) നം. 117/2022/എൽ.എസ്.ജി.ഡി, തീയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നമ്പർ. 2 പ്രകാരം എല്ലാ പ്രാദേശിക സർക്കാറും നികുതി വരുമാനത്തിന്റെ ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണെന്നും, ക്രമ നമ്പർ. 3 പ്രകാരം നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം നടപടികളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ പഞ്ചായത്ത് ഭരണസമിതിയോ കൈക്കൊണ്ടതായി കാണുന്നില്ല.

വസ്തുനികുതി.

സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 നമ്പർ പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ പ്രകാരം വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പാണ്ടിക്കാട് ഗ്രാമപഞ്ചായത്ത് വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1). നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

2). നിലവിലുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്ന അന്തിമ തീരുമാനം എടുക്കുന്നതിനു മുന്നോടിയായി അതിന്റെ ഉദ്ദേശത്തെ സംബന്ധിച്ചും നികുതി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയും നിരക്കുകളും കാണിച്ചു കൊണ്ടും ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു കൊണ്ടുമുള്ള നോട്ടീസ് (പ്രാഥമിക നോട്ടീസ്) 23.06.23ലെ പഞ്ചായത്ത് ഭരണസമിതി യോഗം 2/1 നമ്പർ തീരുമാന പ്രകാരം പരസ്യപ്പെടുത്തിയിട്ടുണ്ട്.

3). 23.06.23ലെ പഞ്ചായത്ത് ഭരണസമിതി യോഗം 2/1 നമ്പർ തീരുമാന പ്രകാരം മേഖലകൾ പുതുക്കി നിശ്ചയിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് സംബന്ധിച്ച് ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു കൊണ്ടുമുള്ള നോട്ടീസും (കരട്) പരസ്യപ്പെടുത്തിയിട്ടുണ്ട്. പ്രദേശത്തിന്റെ വികസന സ്ഥിതി, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ഒന്നാം പട്ടികയിൽ പറയുന്ന മാനദണ്ഡങ്ങൾക്കനുസരിച്ചാണ് മേഖലകൾ തരം തിരിക്കേണ്ടത്. എന്നാൽ മുമ്പ് നിശ്ചയിച്ച മേഖലകൾ അതേപടി നിലനിർത്തുകയാണ് ചെയ്തിട്ടുള്ളത്. ഈ കാലയളവിൽ പ്രദേശങ്ങൾക്ക് വന്ന മാറ്റങ്ങൾ മേഖല തരംതിരിവിലും വഴി സൗകര്യത്തിന്റെ അടിസ്ഥനത്തിലുള്ള തരംതിരുവിലും_പരിഗണിച്ചതായി സെക്ഷൻ അറിയിച്ചു. ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെങ്കിലും അപ്രകാരം സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിലെ റോഡുകളുടെ തരം നിശ്ചയിച്ചതിന് റോഡ് മാപ്പ് പരിശോധിച്ചതിന്റെ വിവരങ്ങളില്ല.

4). പുതുക്കിയ അടിസ്ഥാന വസ്തു നികുതി നിരക്ക്, മേഖലകൾ പുതുക്കി നിശ്ചയിക്കൽ, വഴി സൗകര്യത്തിന്റെ

അടിസ്ഥാനത്തിലുള്ള തരം തിരിവ് എന്നിവയുടെ അന്തിമ വിജ്ഞാപനം 30.06.2023 ന് മുമ്പായി പുറപ്പെടുവിക്കേണ്ടതായിരുന്നുവെങ്കിലും ആയത് 26.09.23 ലെ 3/1 ഭരണസമിതി തീരുമാനപ്രകാരമാണ് അന്തിമമാക്കിയിട്ടുള്ളത്.

5). വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗത്തിലോ വരുത്തുന്ന മാറ്റം യഥാസമയം രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമക്ക് 2023 മെയ് 15 നകം ഫോറം 9 B ഉപയോഗിച്ച് ഓൺലൈനായോ നേരിട്ടോ അറിയിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ലഭിച്ച 865 അപേക്ഷകളിൽ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 ന് മുമ്പായി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കേണ്ടതായിരുന്നു. വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ ടി ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ ടി ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതാണ്. എന്നാൽ വിവര ശേഖരണത്തിനായി ഇത്തരത്തിലുള്ള നിയമനം നടത്തുന്നതിനായി യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുകയും 11 അപേക്ഷകൾ ലഭിച്ചിട്ടുണ്ടെങ്കിലും ഓഡിറ്റ് തിയതി വരെ നിയമനം നടത്തുകയോ നികുതി പുനർനിർണ്ണയിക്കുകയോ ചെയ്തിട്ടില്ല.

<u>സേവന ഉപനികുതി</u>

2011ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവ് വിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ താഴെപറയുന്ന പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

| സേവനം | ചുമത്താവുന്ന കുറഞ്ഞ സേവന ഉപനികുതി |
|---|---|
| ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക |
| ജല വിതരണം | വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക |
| തെരുവ് വിളക്കുകൾ | വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക |
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക |

പാണ്ടിക്കാട് ഗ്രാമപഞ്ചായത്ത് പരിധിയിൽ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല, തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കാവുന്നതാണ്

<u>തൊഴിൽ നികുതി</u>

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1).കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം നടത്തുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള സംവിധാനം നിലവിൽ ഗ്രാമപഞ്ചായത്തുകളിൽ ഇല്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

2). സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 തസ്വഭവ/തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം റേഷൻ കടകളിൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ നിലവിൽ ഗ്രാമപഞ്ചായത്ത് ഈടാക്കുന്നില്ല.

3). കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെയോ

ഭൂമിയുടെയോ ഉടമസ്ഥനോടും അല്ലെങ്കിൽ കൈവശക്കാരനോടും മുറികൾ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും, അങ്ങിനെയുള്ള ഏതൊരാളുടെയും തൊഴിലിനേയോ, കലയേയോ, ഉദ്യോഗത്തേയോ സംബന്ധിച്ചും അയാൾ വാടക കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വച്ച കാലത്തെ സംബന്ധിച്ചും വിവരിച്ചുകൊണ്ടുള്ളതുമായ രേഖാമൂലമുള്ള ഒരു ലിസ്റ്റ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാനാവശ്യപ്പെടേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നില്ല

ട്യൂട്ടോറിയൽ/ആശുപത്രികൾ/പാരാ മെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഫീസ്, എന്നീ ഇനങ്ങളിൽ വരവുകൾ ഉണ്ടെങ്കിലും ഡിമാന്റ് രജിസ്റ്ററിൽ നിന്നും ഗ്രമാപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇത്തരം മുഴവൻ സ്ഥാപനങ്ങളുടെയും ലിസ്റ്റ് ലഭ്യമല്ലാത്തതിനാൽ ഈ ഇനത്തിലുള്ള വരവ് പൂർണ്ണമാണോ എന്ന് ഉറപ്പുവരുത്താനായിട്ടില്ല.

പഞ്ചായത്തിന്റെ ആസ്തി പരിശോധിച്ച് കുളങ്ങൾ, മാർക്കറ്റുകൾ, ഫലവൃക്ഷങ്ങൾ, കാലഹരണപ്പെട്ട ആസ്തികൾ എന്നിവയുടെ ലേലം യഥാസമയം നടത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-13 ലൈസൻസ് -അപാകതകൾ.

1.ട്രേഡ്സ് ലിസ്റ്റ് കാലികമാക്കേണ്ടതാണ്.

സാമ്പത്തിക വർഷാരംഭത്തിന് മുന്നോടിയായി FTE&OS ലൈസൻസിന്റെ ഡിമാന്റ് തിട്ടപ്പെടുത്തുന്നതിലേക്കായി ഫീൽഡ് തല പരിശോധന നടത്തി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാര-വ്യവസായ സംരംഭങ്ങളെ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും സ്ഥാപനങ്ങൾ ലൈസൻസെടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമുണ്ട്. ഗ്രാമപഞ്ചായത്തിലെ ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല, പകരം 2022-23 സാമ്പത്തിക വർഷം ലൈസൻസ് പുതുക്കിയ സ്ഥാപനങ്ങളുടെ ലിസ്റ്റ് ആണ് ട്രേഡ്സ് ലിസ്റ്റ് എന്ന പേരിൽ ലഭ്യമാക്കിയിട്ടുള്ളത്. ലൈസൻസ് എടുക്കാവാൻ വേണ്ടി പഞ്ചായത്തിൽ അപേക്ഷ നൽകുന്നവർക്ക് മാത്രമാണ് ലൈസൻസ് നൽകി വരുന്നത്. ട്രേഡ്സ് ലിസ്റ്റ്, എഫ് ടി ഇ & ഒ എസ് ലൈസൻസ് രജിസ്റ്റർ, എന്നിവ പരിശോധിച്ചതിൽ 733 സ്ഥാപനങ്ങൾക്കാണ് തൻവർഷം ലൈസൻസ് നൽകിയിട്ടുള്ളത്. ഓരോ വർഷവും വാർഡ് തലത്തിൽ ഫീൽഡ് തല പരിശോധന നടത്തി വാർഡ് തല ട്രഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി വാണിജ്യസ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടൽ ഉണ്ടാവേണ്ടതുണ്ട്. ലൈസൻസ് ഇല്ലാതെ ഒരു സ്ഥാപനവും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതും, അപ്രകാരം തനത് ഫണ്ടിന്റെ വരുമാന നഷ്ടത്തിന് കാരണമാകുന്നില്ലായെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

2.ലൈസൻസ് പുതുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നു.

പഞ്ചായത്ത് വാടകക്ക് നൽകിയിട്ടുള്ള 11 റൂമുകളിൽ താഴെപ്പറയുന്ന റൂമുകളിൽ പ്രവർത്തിപ്പിക്കുന്ന സ്ഥാപനങ്ങൾ 2022-23 വർഷത്തേക്ക് ലൈസൻസ് എടുത്തതായി ലൈസൻസ് രജിസ്റ്ററിൽ കാണുന്നില്ല.

1) 13/585-ഐഡിയൽ കുടുംബശ്രീ യൂണിറ്റ്

2)18/1133 (സെക്രട്ടറി ,റൂറൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി)

3) 18/1132 (പാത്തുമ്മ കുട്ടി)

4)18/1131 (സക്കീർ പറക്കാട്ടിൽ)

5)18/1130(ബാലയിൽ അബ്ദുൾ റഷീദ്)

മേൽ പരാമർശിച്ച സ്ഥാപനങ്ങൾ 2022-23 വർഷം ലൈസൻസ് എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

3.റേഷൻ കടകൾ ലൈസൻസില്ലാതെ പ്രവർത്തിപ്പിക്കുന്നു.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് 2022-23 വർഷത്തേയ്ക്ക് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സംരംഭ പ്രവർത്തനങ്ങൾക്കും നൽകേണ്ടുന്ന ലൈസൻസ് അനുവദിച്ചു നൽകിയിട്ടില്ല. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.02.2019 ലെ (സി.എസ്) എ9-764/2019-ാം നമ്പർ കത്തിൽ റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കാൻ കഴിയില്ലായെന്ന് അറിയിച്ചിട്ടുള്ളതിനാൽ റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി -അപാകതകൾ

പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1.ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

തൊഴിൽ നികുതി സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ ചില സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കാത്തതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | അടക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | നവഭാരത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരാ മെഡിക്കൽ | രണ്ടാം അർദ്ധ വർഷം |
| 2 | നന്മ ലാബ് | രണ്ടാം അർദ്ധ വർഷം |
| 3 | ഒയാസിസ് ലാബ് | രണ്ടാം അർദ്ധ വർഷം |
| 4 | പോസ്റ്റ് ഓഫീസ് ,ചെമ്പ്രശ്ശേരി. | രണ്ടാം അർദ്ധ വർഷം |

2. ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമനം | ജീവനക്കാരന്റെ പേര്/തസ്തിക | സ്ഥാപനം | തൊഴിൽ നികുതി ഈടാക്കേണ്ട കാലയളവ് |
|---|---|---|---|
| 1 | രാജേഷ്.കെ,ഒ.എ | AUPS ചെമ്പ്രശ്ശേരി | ഒന്നാം അർദ്ധ വർഷം |
| 2 | പ്രവിജ.എം, എഫ്.ടി.എം | GHS പാണ്ടിക്കാട് | " |
| 3 | കൃഷ്ണ കുമാർ.വി.എം,ക്ലർക്ക് | " | രണ്ടാം അർദ്ധ വർഷം |

3. സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ താഴെപ്പറയുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽനികുതി അടവാക്കിയിട്ടില്ല.

| ക്രമനമ്പർ | സ്ഥാപനം |
|---|---|
| 1 | എസ്.ബി.ഐ പാണ്ടിക്കാട്( 2nd Haif) |
| 2 | നിയോ ഹോസ്പിറ്റൽ(1 St & 2nd Half) |
| 3 | പി.കെ.എം.ഹോസ്പിറ്റൽ ( 2nd Half) |

മേൽ പരാമർശിച്ച ജീവനക്കാരിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/22-23/16.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-15 വരവിനങ്ങളിൽ കുടിശ്ശിക നിലനില്ക്കുന്നു

2022-23 വാർഷിക ധനകാര്യപത്രിക അനുസരിച്ച് വസ്തു നികുതി അടക്കമുള്ള വരവിനങ്ങളിൽ കുടിശ്ശിക നിലനില്ക്കുന്നു. ധനകാര്യ പത്രികയുടെ ബി-15 ഷെഡ്യൂൾ പ്രകാരം താഴെ പറയുന്ന വരവിനങ്ങളിൽ 2018-19 മുതൽ തുടർന്നു വരുന്ന കുടിശ്ശികയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ.നമ്പർ | ഇനം | തുക ₹ |
|---|---|---|
| 1 | Rent Receivables From Lease Of Lands | 40,294/- |
| 2 | Receivables Towards Public Comfort Stations Receipts | 56,300/- |

മേൽ പരാമർശിച്ച ഇനങ്ങളിലെ കുടിശ്ശിക ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/22-23/16.10.2023)മറുപടി ലഭ്യമാക്കിയിട്ടില്ല.കുടിശ്ശിക ഈടാക്കി തനത് ഫണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-16 റഗുലറൈസ്ഡ് കെട്ടിടങ്ങളുടെ രജിസ്റ്റർ പൂർണ്ണമല്ല.

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമാണ ചട്ടങ്ങൾ 2019 ലെ ചട്ടം 95(3) പ്രകാരം സെക്രട്ടറി ഒരു ലിഖിത ഉത്തരവിലൂടെ ക്രമവൽക്കരണം അനുവദിച്ചു കൊടുക്കുമ്പോൾ ഇതു സംബന്ധിച്ച വിവരങ്ങൾ അനുബന്ധം - G2 ഫോറത്തിൽ സ്ഥിരമായി സൂക്ഷിക്കേണ്ട രേഖയായി ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ പാണ്ടിക്കാട് ഗ്രാമ പഞ്ചായത്തിൽ ക്രമവൽക്കരണത്തിനു വേണ്ടി ഒരു രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും 1,2,3,4 കോളങ്ങളിൽ മാത്രമേ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുള്ളൂ.ആയതിനാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം ഈ ഇനത്തിലുള്ള വരവിന്റെ (Rp4-140120105- Fee For Building Regularisation -495,133/-) കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. കെട്ടിട നിർമാണ ക്രമവൽകരണം സംബന്ധിച്ച് ചട്ടങ്ങൾ നിഷ്കർഷിക്കുന്ന പ്രകാരം രജിസറ്റർ പൂർത്തീകരിച്ച് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.
എൻക്വയറി നമ്പർ-18/22-23/17.10.2023

## 1-17 സ്കൂളുകളിലെ അനധികൃ കെട്ടിടങ്ങൾ - തുടർ നടപടി വിവരം ലഭ്യമാക്കണം

പഞ്ചായത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് വേണ്ടി വിവിധ സ്കൂളുകൾ സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ചതിൽ പ്രസ്തുത അപേക്ഷയിൽ അവകാശപ്പെട്ട കെട്ടിടങ്ങൾ പഞ്ചായത്തിൽ നിന്ന് നമ്പർ നൽകി അധികൃതമാക്കപ്പെട്ടിട്ടില്ല എന്ന് വ്യക്തമായി.

ഒരു ഉദാഹരണവും ആയതിന്റെ വിശദ വിവരവും താഴെ നൽകുന്നു.

| സ്കൂൾ | പഞ്ചായത്ത് നമ്പർ നൽകിയ കെട്ടിടത്തിന്റെ വിവരം | ഫിറ്റ്നസ് നൽകിയ ക്ലാസ്സ് മുറികളുടെ വിസ്തീർണ്ണം |
|---|---|---|
| AUP സ്കൂൾ ചെമ്പ്രാശ്ശേരി | 5/300A- 313.77sqm ( GF )<br>**Total - 313.77sqm** | 1) 4x6.4x6.4=163.84(Pre Ker)<br>2) 2x6.7x6.4=85.76(Pre Ker)<br>3) 2x6.7x6.4=85.76(GF)<br>4) 4x6.7x6.4= 171.52 (GF)<br>5) 3x18.65x6.25=349.68(GF)<br>6) 4x6.45x6.45=166.41(GF)<br>7) 4x6.4x6.4=163.84(GF)<br>8) 2x6.55x6.55=85.8(GF)<br>9) 1x8.45x6.20=52.39(Cum Stage)<br>10) 4x6.15x6.15=151.29(GF)<br>11)=4x6.45x6.25=161.25(FF)<br>12)2x6.11x6.10= 74.54Nursery Block<br>13) 1x6.11x6.12=37.39 Nursery Block<br>14) 1x6.11x6.25= 38.18 Nursery |

| | | | | |
|---|---|---|---|---|
| | | | Block<br>15) 1x6.11x6.3=38.49 Nursery Block<br>16) 1x6.11x6.4=39.1 Nursery Block<br>17) 6x6.1x6.1=223.26 (Cum Auditorium)<br>18) 15x6.13x6.13=563.65(3 Storied Building)<br>T**otal = 2652.15** | |

[കുറിപ്പ്: ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് നൽകുന്ന അപേക്ഷയിൽ ക്ലാസ്സ് മുറികളുടെ വിവരം മാത്രമാണ് രേഖപ്പെടുത്തുന്നത് എന്നതിനാൽ യഥാർത്ഥത്തിലുള്ള കെട്ടിട വിസ്തീർണ്ണം മുകളിലെ പട്ടികയിലെ കോളം 3 ൽ പരാമർശിച്ചതിലും വളരെയധികം വർധിക്കും. ]

പഞ്ചായത്തിലെ ഏതാനും സ്കൂളുകളുടെ ഫിറ്റ്നസ് അപേക്ഷ അടിസ്ഥാനമാക്കി നടത്തിയ പരിശോധനയിൽ മറ്റ് സ്കൂളുകളിലും ഫിറ്റ്നസ് അപേക്ഷ പ്രകാരമുള്ള മുഴുവൻ കെട്ടിടങ്ങളും പഞ്ചായത്തിൽ നിന്ന് നമ്പർ നൽകി അധികൃത മാക്കപ്പെട്ടിട്ടില്ല എന്ന് വ്യക്തമാകുന്നുണ്ട്.

വിദ്യാഭ്യാസ സ്ഥാപനങ്ങളിലേതുൾപ്പെടെ അനധികൃത നിർമ്മാണങ്ങൾക്കെതിരെ പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരം പരിശോധനക്ക് ലഭ്യമാക്കാനാവശ്യപ്പട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/22-23/17.10.2023) അനധികൃത കെട്ടിട നിർമ്മാണങ്ങൾക്കെതിരെ മേൽ നടപടികൾ സ്വീകരിച്ച് നിയമാനുസൃത ഫീസ് ഈടാക്കി വിവരം അറിയിക്കുമെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
പഞ്ചായത്ത് പരിധിയിലുള്ള എല്ലാ വിദ്യഭ്യാസ സ്ഥാപനങ്ങൾക്കും പഞ്ചായത്ത് നമ്പർ നൽകി അധികൃതമാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

**1-18 വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനവും സ്വിമ്മിംഗ് സ്യൂട്ട് വിതരണവും എന്ന പ്രൊജക്റ്റ് - രേഖകൾ ലഭ്യമല്ല.**

2022-2023 ൽ ഹെഡ്മാസ്റ്റർ വിർവ്വഹണം നടത്തിയ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനവും സ്വിമ്മിംഗ് സ്യൂട്ട് വിതരണവും (348/23) എന്ന പ്രൊജക്റ്റിന്റെ ഭാഗമായി വൗച്ചർ നമ്പർ 22201085/31.3.2023 പ്രകാരം തനത് ഫണ്ട് 97635 രൂപ ചെലവഴിച്ച് 115 ഗുണഭോക്താക്കൾക്ക് കിഡ്സ് കാമ്പ് എന്ന സ്ഥാപനത്തിൽ നിന്ന് സ്വിമ്മിംഗ് സ്യൂട്ട് വാങ്ങി നൽകിയിട്ടുണ്ട്. ഈ പ്രൊജക്റ്റ് സംബന്ധിച്ച താഴെ പറയുന്ന രേഖകൾ ഫയലിൽ ലഭ്യമല്ല.

1. ഭരണ സമിതി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ്.

2. ഗുണഭോക്താക്കൾ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ളവരാണെന്നും വിദ്യാർത്ഥികൾ ആണെന്നും തെളിയിക്കുന്ന രേഖ.

3. ഗുണഭോക്താക്കൾ നീന്തൽ പരിശീലനം നടത്തിയതിന്റെ രേഖ.

ഈ രേഖകൾ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 1/10.10.2023 ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കൂടാതെ വിദ്യാർത്ഥികൾക്ക് സ്വിമ്മിംഗ് സ്യൂട്ട് വിതരണം ചെയ്യുന്നതിന് സബ്സിഡി മാർഗരേഖയിൽ വ്യവസ്ഥയില്ല. സബ്സിഡി മാർഗ്ഗ രേഖ ലംഘിച്ചതിന് സർക്കാർ സാധൂകരണം ലഭ്യമാക്കുന്നത് വരെയും മറ്റു രേഖകൾ ലഭ്യമാക്കുന്നത് വരേയും ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-19 എസ്.എസ്.കെ പ്രൊജക്റ്റ് - ഗ്രാമപഞ്ചായത്തിന്റെ പങ്കാളിത്തം ഉറപ്പാക്കിയില്ല.

ഹെഡ് മാസ്റ്റർ നിർവഹണം നടത്തിയ താഴെ പറയുന്ന പ്രൊജക്ടുകളിൽ ₹ 100000 State Project Director SSK ക്ക് നൽകിയിട്ടുണ്ട്.

| പ്രോജക്റ്റ് | ചെലവഴിച്ച തുക | ബിൽ നമ്പർ |
|---|---|---|
| എസ്.എസ്.എ തുക അടവാക്കൽ(ജനറൽ) 131/23 | 500000 | 195/25.11.2022 |
| എസ്.എസ്.എ തുക അടവാക്കൽ(എസ് സി) 132/23 | 500000 | 196/25.11.2022 |

പദ്ധതി ആസൂത്രണ മാർഗ്ഗരേഖ GO(MS) 84/2022/LSGD Dt 19.04.2022 ( ഖ 8.6.3) പ്രകാരം എസ്.എസ്.കെ. (സമഗ്ര ശിക്ഷ കേരളം) പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്ത ത്തോടെയായിരിക്കണം. പ്രോജക്റ്റ് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. മേൽ പദ്ധതി ആസൂത്രണ മാർഗ്ഗരേഖ ഖണ്ഡിക 8.6.4 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്രശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ / പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ് എസ്.കെ. പ്രാക്റ്റ് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ. വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ അടക്കമുള്ള പങ്കാളിത്തം എസ് എസ്.കെ. ഉറപ്പാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടു ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് (Ultation Certificate) സമഗ്രശിക്ഷാ കേരളത്തിൽ നിന്നു കൃത്യമായി നല്കണം. എന്നാൽ ഈ നടപടിക്രമങ്ങൾ പൂർത്തികരിച്ചതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/11.10.2023) മറുപടി നൽകിയിട്ടില്ല. വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നത്വരെ 1000000 രൂപ തടസ്സം തെയ്യുന്നു.

## 1-20 കാരായ കാവുങ്ങൽപറമ്പ് മണ്ടകക്കുന്ന് എരഞ്ഞിക്കുത്ത് റോഡ് പുനരുദ്ധാരണം എന്ന പ്രവത്തി നടപ്പാക്കിയതിലെ അപാകതകൾ.

നി.ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ.

പ്രവത്തിയുടെ വിശദവിവരം ചുവടെ ചേർക്കുന്നു

പ്രവൃത്തി: കാരായ കാവുങ്ങൽപറമ്പ് മണ്ടകക്കുന്ന് എരഞ്ഞിക്കുത്ത് റോഡ് പുനരുദ്ധാരണം. 302/22,99/23

അടങ്കൽ: 682000(മെയ്ന്റനൻസ് ഫണ്ട്-റോഡ്)

TS: 21-22/16143/8-3-22

കരാറുകാരൻ: യൂസഫലി കെ

കരാർ: 18/21-22/26-3-22

അളവ് പുസ്തകം: 118/21-22

ചെലവ്:610822രൂപ

BRN: 2215145201820185 5323/9-3-23

Cost Index : DSR 2018, 36.44%

(1) ഡ്രൈനേജ് പ്രവൃത്തി -മണ്ണ് നീക്കുന്നതിന് ഉയർന്ന നിരക്ക് അനുവദിച്ചു; നഷ്ടം 12412രൂപ

ഈ പ്രവൃത്തിയിൽ ഡ്രൈനേജ് നിർമ്മാണത്തിനായി മണ്ണ് നീക്കം ചെയ്യുന്നതിന് ( Excavation In Cutting In Soil ) Mord Data 3.5.1 പ്രകാരം " Excavation In Cutting In Soil By Manual Means" അനുസരിച്ചുള്ള നിരക്കാണ് അനുവദിച്ച് നൽകിയത്.

Excavation In Cutting In Soil എന്ന പ്രവൃത്തിക്ക് Mord Data പ്രകാരം മൂന്ന് വ്യത്യസ്ത നിരക്കുകൾ അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

| ഇനം | കരാർ പ്രവൃത്തിക്ക് നൽകാവുന്ന നിരക്ക് നിരക്ക് (36.44% Cost Index ) |
|---|---|
| 3.5.1 - Excavation In Cutting In Soil By Manual Means | 360.75/ M3 |

| | |
|---|---|
| 3.5.2 - Excavation In Cutting In Soil By Using Dozer | 64.45/ M3 |
| 3.5.3 - Excavation In Cutting In Soil By Using Hydrolic Excavator | 36.47/ M3 |

മരാമത്ത് പ്രവൃത്തി നടത്തുമ്പോൾ ഗുണനിലവാരമുള്ള പ്രവൃത്തി ഏറ്റവും കുറഞ്ഞ ചെലവിൽ നടപ്പാക്കുകയാണ് ചെയ്യേണ്ടത്. അതിനാൽത്തന്നെ ഹൈഡ്രോളിക് എക്സ്കവേറ്റർ ഉപയോഗിക്കാൻ സാധിക്കുന്ന പ്രവൃത്തികളിൽ അതനുസരിച്ചുള്ള നിരക്കാണ് അനുവദിച്ച് നൽകേണ്ടത്.

ഈ പ്രവൃത്തിയിൽ റോഡ് സൈഡിൽ ഡ്രൈനേജ് നിർമ്മിക്കുന്നതിന് മണ്ണ് നീക്കുന്നതിന് MoRD Data 3.5.1 എന്നിവ പ്രകാരം മനുഷ്യാധ്വാനം ഉപയോഗിച്ച് മണ്ണ് നീക്കുന്നതിനുള്ള നിരക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു

| മണ്ണിന്റെ അളവ് | പ്രവൃത്തിക്കായി നൽകിയ തുക (3.5.1 പ്രകാരം) | പ്രവൃത്തിക്കായി നൽകാവുന്ന തുക (3.5.3 പ്രകാരം) | അധികം നൽകിയ തുക |
|---|---|---|---|
| 38.06 Cum (അളവ് പുസ്തകം പേജ് 2) | 11701.55 രൂപ @ 307.45/m3 (360.73-14.77% Below ER) | 1182.90 രൂപ @ 31.08/m3 (36.47-14.77%) | 10518.64 (+) 18% GST: 1893.35 =12411.99 Ie 12412 രൂപ |

യന്ത്ര സംവിധാനം ഉപയോഗിച്ച് മണ്ണ് നീക്കം ചെയ്യുന്നതിന് സാധിക്കുന്ന പ്രവൃത്തികളിൽ അത് ഉപയോഗിച്ച് പ്രവൃത്തി ചെയ്യുന്നതിനുള്ള നിരക്കായിരുന്നു അനുവദിച്ച് നൽകേണ്ടിയിരുന്നത്. എന്നാൽ മേൽ പ്രവൃത്തികളിൽ ഉയർന്ന നിരക്കുള്ള Excavation In Cutting In Soil By Manual Means എന്ന നിരക്കാണ് അനുവദിച്ച് നൽകിയത്.

വാഹന സൗകര്യമുള്ള സ്ഥലങ്ങളിൽ യന്ത്ര സംവിധാനമുപയോഗിച്ച് മണ്ണ് നീക്കം ചെയ്യുന്നതിനുള്ള ഇനം ഉപയോഗിക്കാതെ ഉയർന്ന നിരക്കുള്ള ഇനം പ്രവൃത്തി എസ്റ്റിമേറ്റിൽ അനുവദിച്ച് നൽകിയതിനും അതുവഴി പ്രവൃത്തിക്ക് അധിക ചെലവ് വന്നതിനും കാരണം വ്യക്തമാക്കേണ്ടതാണ്.

2) കോൺക്രീറ്റ് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി - നഷ്ടം 3405 രൂപ

ഡ്രൈനേജിന്റെ ബെഡ് കോൺക്രീറ്റിന് തെറ്റായ നിരക്ക് അനുവദിച്ചത് മൂലം അധികചെലവ് ഉണ്ടായിട്ടുണ്ട്. പ്രവൃത്തിയുടെ ഇനം 1 പ്രകാരം എർത്ത് വർക്ക് എസ്കവേഷൻ നടത്തുകയും, ഇനം (2) പ്രകാരം എസ്കവേഷൻ നടത്തിയ അതേ നീളത്തിലും വീതിയിൽ ബെഡ് കോൺക്രീറ്റ് ചെയ്യുകയുമാണ് ചെയ്തിട്ടുള്ളത്.

ഇനം (2)-ന് MoRD-ലെ 11.4.1.1 പ്രകാരമുള്ള നിരക്കാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത നിരക്ക് ഫോം വർക്ക് ആവശ്യമായിട്ടുള്ള സിമന്റ് കോൺക്രീറ്റ് പ്രവൃത്തിക്കുള്ളതാണ്. മേൽ പ്രവൃത്തിയിൽ എർത്ത് വർക്ക് എസ്കവേഷൻ നടത്തിയ അതേ നീളത്തിലും വീതിയിലും ബെഡ് കോൺക്രീറ്റ് ചെയ്തതിനാൽ ഈ പ്രവൃത്തികൾക്ക് ഫോം വർക്ക് ആവശ്യമായി വരുന്നില്ല. ആയതിനാൽ 11.4.1.1 എന്ന ഡാറ്റയിൽ ഫോം വർക്കിന് വകയിരുത്തിയ തുക (Ie 4%) കിഴിച്ചുള്ള നിരക്കാണ് നൽകേണ്ടത്. തെറ്റായ നിരക്ക് നൽകിയത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

| ചെയ്ത അളവ് | അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം അനുവദിച്ചത് |
|---|---|---|---|
| ഇനം (2) 11-4-1-1 10.792 M3 (അളവ് പുസ്തകം പേജ് 6) | 72127.90 രൂപ @ 6683.46/m3 (7841.67/m3-14.77% Tender Below) | 69242.65 രൂപ 6416.11/m3 (7528/m3 (ഫോം വർക്കിനുള്ള 4% കിഴിച്ച്)-14.77% Tender Below) = | 2885.25 + 18% GST 519.34 ആകെ: 3404.59 Ie 3405 രൂപ |

(3) പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല; നഷ്ടം 9740 രൂപ

കേരള PWD മാന്വൽ പ്രകാരം മരാമത്ത് പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ സാധിക്കാത്ത പക്ഷം കരാറുകാരൻ പ്രവൃത്തി പൂർത്തീകരണ സമയം നീട്ടി നൽകുന്നതിന് അസിസ്റ്റന്റ് എഞ്ചിനിയർ മുഖേന അപേക്ഷ നൽകേണ്ടതാണ് എന്നും ഇതിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ രേഖകൾ പരിശോധിച്ച് കരാറുകാരന്റെ

വീഴ്ച മൂലമല്ല പ്രവൃത്തി വൈകിയിത് എങ്കിൽ പിഴ കൂടാതെയും, പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലമാണ് പ്രവൃത്തി വൈകിയത് എങ്കിൽ നിശ്ചിത നിരക്കിൽ പിഴ ഈടാക്കിയും പ്രവൃത്തി പൂർത്തീകരണ കാലയളവ് നീട്ടി നൽകാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

നിശ്ചിത സമയത്തിനകം അപേക്ഷ നൽകാത്ത പ്രവൃത്തിയുടെ കാലാവധി കരാർ പ്രകാരം മുൻപ് അംഗീകരിച്ച സമയത്ത് തന്നെ അവസാനിക്കുന്നതാണ്. കരാറുകാരന്റെ കാരണത്താലുള്ള വൈകൽമൂലം പ്രവൃത്തി അവസാനിപ്പിക്കുന്ന അവസരത്തിൽ ടെർമിനേഷൻ സമയത്ത് ഈടാക്കേണ്ട നിരക്കിൽ കരാറുകാരനിൽ നിന്ന് പിഴ ഈടാക്കേണ്ടതാണ് എന്നും PWD മാന്വലിൽ നിർദ്ദേശിച്ചിട്ടുണ്ട്. (PWD Manual 2112, 2112.1 )

PWD Manual 2112.1 പ്രകാരം പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടിനൽകേണ്ട ഘട്ടത്തിൽ ഈടാക്കേണ്ട പിഴ താഴെ നൽകുന്നു.

| കാലയളവ് | പിഴ |
|---|---|
| ആദ്യ വർദ്ധന (First Extension ) | PAC യുടെ 1% ( മിനിമം 1000 , പരമാവധി 50000) |
| തുടർന്നുള്ള വർദ്ധന ( Beyond First Extension ) | PAC യുടെ 2% ( മിനിമം 2000 , പരമാവധി 100000) |

ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ നിശ്ചിത സമയത്തിനകമുള്ള കരാറുകാരന്റെ അപേക്ഷയില്ലാതെ, അംഗീകരിക്കപ്പെട്ട പ്രവൃത്തി പൂർത്തീകരണ സമയം കഴിഞ്ഞതിന് ശേഷവും കരാറുകാരൻ പ്രവൃത്തി നടത്തിയതായും , പ്രവൃത്തി വൈകിയതിന് പിഴ ഭാഗികമായി മാത്രം ഈടാക്കി കരാറുകാരന് ഫൈനൽ ബിൽ നൽകിയതായും കാണുന്നു. വിശദാംശം താഴെ കൊടുക്കുന്നു.

PAC: 608688.13രൂപ

പൂർത്തീകരണകാലയളവ്: 3 മാസം

കോവിഡ് ഇളവ്: ഇല്ല

ആകെ: 3 മാസം

കരാറുകാരൻ പ്രവൃത്തി പൂർത്തീകരണ സമയം നീട്ടി നൽകുന്നതിന് അസിസ്റ്റന്റ് എഞ്ചിനിയർ മുഖേന അപേക്ഷ നൽകിയതായോ ഭരണസമിതി ആയത് അംഗീകരിച്ചതായോ കാണുന്നില്ല. ആയതിനാൽ, പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം നേരിട്ടതിനാൽ ഈടാക്കേണ്ട പിഴ മുഴുവനായും ഈടാക്കാത്തതിനാലുണ്ടായ നഷ്ടം താഴെ നൽകുന്നു.

| പൂർത്തീകരിക്കേണ്ട തിയ്യതി | പൂർത്തീകരിച്ച തിയ്യതി. | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|
| 25-6-22 | 30-11-22<br>(അളവ് പുസ്തകം പേജ് 26) | വൈകിയത് : 3 മാസം, 66 ദിവസം.<br>(26-6-22 To 25-9-22- @ 1% Of PAC: 6086.88<br>26-9-22 To 30-11-22 @ 2% Of PAC:<br>(66 Days) 12173.76 X 66/91 = 8829.32<br>ആകെ: 14916.20<br>ഈടാക്കിയത്: 5176<br>ബാക്കി: 9740.20<br>Ie 9740 രൂപ |

പ്രവൃത്തി പൂർത്തീകരണം വൈകിച്ച കരാറുകാരിൽ നിന്ന് നിയമപ്രകാരം ഈടാക്കേണ്ട പിഴ മുഴുവനായും ഈടാക്കാതെ ഫൈനൽ ബിൽ നൽകിയതിന് വിശദീകരണം നൽകേണ്ടതും ആയത് മൂലമുള്ള നഷ്ടം 9740 രൂപ ഉത്തരവാദിയായ കരാറുകാരനിൽ നിന്നോ ഫൈനൽ ബിൽ നൽകിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കി തിരിച്ചടക്കേണ്ടതുമണ്. കൂടാതെ നിശ്ചിത സമയത്തിനകമുള്ള കരാറുകാരന്റെ അപേക്ഷയില്ലാതെ അംഗീകരിക്കപ്പെട്ട പ്രവൃത്തി പൂർത്തീകരണ സമയം കഴിഞ്ഞതിന് ശേഷവും കരാറുകാരനെ പ്രവൃത്തി സ്ഥലത്ത് പ്രവൃത്തി നടത്താൻ അനുവദിച്ചതിന് വിശദീകരണം നൽകേണ്ടതുമാണ്

(4)ജി.എസ്.ടി. അധിക നിരക്കിൽ നൽകേണ്ടി വന്നതിനാൽ പ്രവൃത്തിക്ക് അധികച്ചെലവ് വന്നു. നഷ്ടം 31059 രൂപ

18.7.2022 ന് മുമ്പ് (25-6-22) പൂർത്തീകരിക്കേണ്ടതായ ഈ പ്രവർത്തി കരാർ കാലയളവിൽ പൂർത്തീകരിക്കാത്തതിനാൽ ബിൽ തുക നൽകാനായത് 18.7.22 ന് (9-3-23) ശേഷമാണ്. ആയതിനാൽ 12% നിരക്കിൽ GST നൽകേണ്ടതിന് പകരം 18 ശതമാനം നിരക്കിൽ ജി.എസ്.ടി. പ്രവൃത്തി മൂല്യത്തിനോടോപ്പം അനുവദിക്കേണ്ടി വന്നു. ഇക്കാരണത്താൽ ജി.എസ്.ടി. ഇനത്തിൽ 6 ശതമാനം അധികച്ചെലവ് വരാനിടയായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പൂർത്തീകരിക്കേണ്ട തിയ്യതി | പൂർത്തീകരിച്ച തിയ്യതി | ജി.എസ്.ടി. ഇനത്തിൽ അധികച്ചെലവ് വന്ന തുക (6 %) |
|---|---|---|
| 25.6.2022 | 30-11-2022 ബിൽ നൽകിയത് 9-3-23) | 31059 രൂപ (6% Of 517645.86) |

കരാറുകാരന് ആകെ 56616 രൂപ (12412+3405+9740+31059) അധികം നൽകിയതിന് വിശദീകരണം നൽകേണ്ടതും അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതുമാണെന്നുമാവശ്യപ്പെട്ട് നൽകിയ 20/17-10-23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ നഷ്ടം 56616 രൂപ ഈ പ്രവൃത്തിയുടെ കരാറുകാരനിൽ നിന്നോ ഫൈനൽ ബിൽ നൽകിയ 9-3-2023 ലെ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കി അറിയിക്കേണ്ടതാണ്

## 1-21 കരാറുകാർക്ക് ടെണ്ടർ അധികനിരക്ക് നൽകൽ. വിശദാംശം ലഭ്യമാക്കേണ്ടതാണ്.

കരാറുകാർക്ക് ടെണ്ടർ അധികനിരക്ക് നൽകുന്നതിനായി, കരാറുകാർക്ക് ടെണ്ടർ അധികനിരക്ക് നൽകുന്നത് (പ്രൊജക്ട് നമ്പർ 337/23) എന്ന പദ്ധതി പ്രകാരം 760111 രൂപ തനത് ഫണ്ടിൽ നിന്നും വൗച്ചർ നമ്പർ 22/22-23/26-822 പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1778/21/തസ്വഭവ16-9-21, തസ്വഭവ ചീഫ് എഞ്ചിനീയറുടെ 16-10-21 ലെ DB1-7942/2010/CE/LSGD സർക്കുലർ എന്നിവ പ്രകാരം DSR 2018 പ്രാബല്ല്യത്തിലാകുന്നത് വരെ, DSR 2016 പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയ പ്രവൃത്തികൾക്ക് കരാറുകാർ അധികനിരക്ക് ക്വോട്ട് ചെയ്തതിൽ 10% വരെ ടെണ്ടർ അധികനിരക്ക് നൽകുന്നതിന് ഉത്തരവായിട്ടുള്ളതാണ്. ഗ്രാമ പഞ്ചായത്ത് 21-22 വർഷത്തിൽ നടത്തിയ ടെണ്ടറിൽ ടെണ്ടർ അധികനിരക്ക് രേഖപ്പെടുത്തിയ 40 പ്രവൃത്തികൾക്ക് അധികനിരക്ക് നൽകുന്നതിന് മലപ്പുറം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 11-1-22 ലെ DB2- ജനറൽ/21 അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽ പ്രകാരം 760111 രൂപ 16 കരാറുകാർക്ക് നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1) കരാറുകാർ ഓരോ പ്രവൃത്തിക്കും ക്വോട്ട് ചെയ്ത നിരക്ക്. (ടെണ്ടർ കോപ്പി സഹിതം)

2) കരാറുകാർക്ക് ഫൈനൽ ബിൽ പ്രകാരം നൽകിയ തുകയുടെ വിശദാംശം (ബിൽ കോപ്പി സഹിതം)

3) കരാറുകാർക്ക് ഇനിയും നൽകാനുള്ള തുകയുടെ വിവരം (പത്രികയായി തയ്യാറാക്കിയത്)

4) ടെണ്ടർ അധികനിരക്ക് ഉൾപ്പെടെയുള്ള മൂല്ല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിലാണോ നികുതികൾ നൽകിയിട്ടുള്ളത്.

മേൽ വിവരങ്ങൾലഭ്യമാക്കേണ്ടതാണന്നാവശ്യപ്പെട്ട് നൽകിയ 21/17-10-23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.മേൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. ആയത് വരെ ചെലവ് തുക 760111 രൂപ തടസ്സം ചെയ്യുന്നു.

## 1-22 പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല; നഷ്ടം 10051 രൂപ

നി.ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ.

കേരള PWD മാന്വൽ പ്രകാരം മരാമത്ത് പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ സാധിക്കാത്ത പക്ഷം കരാറുകാരൻ പ്രവൃത്തി പൂർത്തീകരണ സമയം നീട്ടി നൽകുന്നതിന് അസിസ്റ്റന്റ് എഞ്ചിനിയർ മുഖേന അപേക്ഷ നൽകേണ്ടതാണ് എന്നും ഇതിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ രേഖകൾ പരിശോധിച്ച് കരാറുകാരന്റെ വീഴ്ച മൂലമല്ല പ്രവൃത്തി വൈകിയിത് എങ്കിൽ പിഴ കൂടാതെയും, പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലമാണ് പ്രവൃത്തി വൈകിയത് എങ്കിൽ നിശ്ചിത നിരക്കിൽ പിഴ ഈടാക്കിയും പ്രവൃത്തി പൂർത്തീകരണ കാലയളവ് നീട്ടി നൽകാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

നിശ്ചിത സമയത്തിനകം അപേക്ഷ നൽകാത്ത പ്രവൃത്തിയുടെ കാലാവധി കരാർ പ്രകാരം മുൻപ് അംഗീകരിച്ച സമയത്ത് തന്നെ അവസാനിക്കുന്നതാണ്. കരാറുകാരന്റെ കാരണത്താലുള്ള വൈകൽ മൂലം പ്രവൃത്തി അവസാനിപ്പിക്കുന്ന അവസരത്തിൽ ടെർമിനേഷൻ സമയത്ത് ഈടാക്കേണ്ട നിരക്കിൽ കരാറുകാരനിൽ നിന്ന് പിഴ ഈടാക്കേണ്ടതാണ് എന്നും PWD മാന്വലിൽ നിർദ്ദേശിച്ചിട്ടുണ്ട്. (PWD Manual 2112, 2112.1 )

PWD Manual 2112.1 പ്രകാരം പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ

കാലാവധി നീട്ടിനൽകേണ്ട ഘട്ടത്തിൽ ഈടാക്കേണ്ട പിഴ താഴെ നൽകുന്നു.

| കാലയളവ് | പിഴ |
|---|---|
| ആദ്യ വർദ്ധന (First Extension ) | PAC യുടെ 1% ( മിനിമം 1000 , പരമാവധി 50000) |
| തുടർന്നുള്ള വർദ്ധന ( Beyond First Extension ) | PAC യുടെ 2% ( മിനിമം 2000 , പരമാവധി 100000) |

2022-23 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ നിശ്ചിത സമയത്തിനകമുള്ള കരാറുകാരന്റെ അപേക്ഷയില്ലാതെ, അംഗീകരിക്കപ്പെട്ട പ്രവൃത്തി പൂർത്തീകരണ സമയം കഴിഞ്ഞതിന് ശേഷവും കരാറുകാരൻ പ്രവൃത്തി നടത്തിയതായും , പ്രവൃത്തി വൈകിയതിന് പിഴ ഒന്നും ഈടാക്കാതെ കരാറുകാരന് ഫൈനൽ ബിൽ നൽകിയതായും കാണുന്നു. വിശദാംശം താഴെ കൊടുക്കുന്നു.

വെട്ടിക്കാട്ടിരി സ്കൂളിൽ ടോയ്‌ലറ്റ് നിർമാണം 147/23

അടങ്കൽ: 700000 (CFC-350000,Others 350000)

TS: 21-22/16140/4-3-22

കരാറുകാരൻ: കരീം കെ

കരാർ: 126/21-22/31-3-22

അളവ് പുസ്തകം: 126/21-22

ചെലവ്:700000 രൂപ

BRN: 2215145201820095531 4/24-12-22 Rs 350000

വൗച്ചർ നമ്പർ: 24/22-23/24-12-22: Rs 350000

PAC: 624803.15രൂപ

പൂർത്തീകരണകാലയളവ്: 3 മാസം

കോവിഡ് ഇളവ്: ഇല്ല

ആകെ: 3 മാസം

പൂർത്തീകരിക്കേണ്ട തീയതി: 30-6-22

പൂർത്തീകരിച്ചത്: 28-11-22 (അളവ് പുസ്തകം പേജ് 55)

കരാറുകാരൻ പ്രവൃത്തി പൂർത്തീകരണ സമയം നീട്ടി നൽകുന്നതിന് അസിസ്റ്റന്റ് എഞ്ചിനിയർ മുഖേന അപേക്ഷ നൽകിയതായോ ഭരണസമിതി ആയത് അംഗീകരിച്ചതായോ കാണുന്നില്ല. എന്നാൽ, Extra Item ചെയ്യുന്നതിനും കാലാവധി ദീർഘീകരണത്തിനുമായി ഒരു സപ്ലിമെന്ററി അഗ്രീമെന്റ് (126A/21-22/26-11-22) വെച്ചതായി കാണുന്നുണ്ട്. കാലാവധി ദീർഘീകരണത്തിനുള്ള അപേക്ഷ, ആയതിന്മേൽ അസിസ്റ്റന്റ് എഞ്ചിനിയർ/അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ എന്നിവരുടെ റിപ്പോർട്ട്, ഭരണസമിതിയുടെ അംഗീകരം എന്നിവ ഇല്ല. ആയതിന്റെ അഭാവത്തിൽ പ്രവൃത്തി പിഴ കൂടാതെ ദീർഘിപ്പിച്ച് നൽകിയത് ശരിയായ നടപടിയല്ല. ആയതിനാൽ, പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം നേരിട്ടതിനാൽ ഈടാക്കേണ്ട പിഴ ഈടാക്കാത്തതിനാലുണ്ടായ നഷ്ടം താഴെ നൽകുന്നു.

| പൂർത്തീകരിക്കേണ്ട തിയ്യതി | പൂർത്തീകരിച്ച തിയ്യതി. | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|
| 30-6-22 | 28-11-22 | വൈകിയത് : 3 മാസം, 59 ദിവസം.<br>ഈടാക്കേണ്ട പിഴ: 10051 രൂപ<br>(1-7-22 To 31-09-22- @ 1% Of PAC: 624803=624803.59<br>1-10-22 To 28-11-22 @ 2% Of PAC: 59<br>(28 Days) 12496.06x 28/92 = 8013.77<br>ആകെ: 142618.<br>14,262 രൂപ) |

പ്രവൃത്തി പൂർത്തീകരണം വൈകിച്ച കരാറുകാരിൽ നിന്ന് നിയമപ്രകാരം ഈടാക്കേണ്ട പിഴ ഈടാക്കാതെ ഫൈനൽ

ബിൽ നൽകിയതിന് വിശദീകരണം നൽകേണ്ടതും ആയത് മൂലമുള്ള നഷ്ടം 14262 രൂപ ഉത്തരവാദിയായ കരാറുകാരനിൽ നിന്നോ ഫൈനൽ ബിൽ നൽകിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കി തിരിച്ചടക്കേണ്ടതുമാണെന്നുമാവശ്യപ്പെട്ട് നൽകിയ 22/17-10-23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പിഴ ഇനത്തിലുള്ള 14262 രൂപ ഈ പ്രവൃത്തിയുടെ കരാറുകാരനിൽ നിന്നോ ഫൈനൽ ബിൽ നൽകിയ 24-12-22 ലെ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കി അറിയിക്കേണ്ടതും നിശ്ചിത സമയത്തിനകമുള്ള കരാറുകാരന്റെ അപേക്ഷയില്ലാതെ അംഗീകരിക്കപ്പെട്ട പ്രവൃത്തി പൂർത്തീകരണ സമയം കഴിഞ്ഞതിന് ശേഷവും കരാറുകാരനെ പ്രവൃത്തി സ്ഥലത്ത് പ്രവൃത്തി നടത്താൻ അനുവദിച്ചതിന് വിശദീകരണം നൽകേണ്ടതുമാണ്.

## 1-23 സ്റ്റീൽ മേൽക്കൂര നിർമാണത്തിന് അധിക നിരക്ക് നൽകി; നഷ്ടം 100519 രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ.

**1) സ്റ്റീൽ മേൽക്കൂര നിർമാണത്തിന് അധിക നിരക്ക് നൽകി; നഷ്ടം 82381 രൂപ**

GI പൈപ്പ് ഉപയോഗിച്ചുള്ള പ്രവൃത്തികൾക്ക് പ്രൈസ് സോഫ്റ്റ്‌വെയർ പ്രകാരം രണ്ട് വ്യത്യസ്ത നിരക്കുകൾ അംഗീകരിച്ച് നൽകിയിട്ടുണ്ട്.

എ) വ്യത്യസ്ത തരം പൈപ്പുകൾ മുറിച്ച് പരസ്പരം വെൽഡ് ചെയ്ത് നിർമിക്കുന്ന ട്രസ്സ് പ്രവൃത്തിക്കുള്ള (Builtup ) നിരക്ക് ( 50.10.1)

ബി) സിംഗിൾ സെക്ഷൻ പ്രവൃത്തി (കട്ടിങ്ങ്, വെൽഡിംഗ് എന്നിവ താരതമ്യേന കുറവ്) ( 50.10.2)

സിംഗിൾ സെക്ഷൻ പ്രവൃത്തിക്കുള്ള ഡാറ്റയിൽ (50.10.2) Steel Work For Purlin/single Section With GI Pipes Including Cutting, Hoisting, Fixing In Position.... എന്നാണ് പറയുന്നത്.

ഗ്രാമ പഞ്ചായത്തിലെ താഴെ പറയുന്ന മേൽക്കൂര നിർമാണ പ്രവൃത്തിയിൽ മേൽക്കൂര സ്റ്റീൽ പൈപ്പ് ഉപയോഗിച്ച് നിർമിച്ചതിനും റൂം സീലിംഗ് ചെയ്യുന്നതിനായി ഫ്രെയിം വർക്ക് ചെയ്തതിനും ട്രസ്സ് വർക്കിന് ബാധകമായ നിരക്കാണ് (Code 50.10.1) നൽകിയിട്ടുള്ളത്. എന്നാൽ ഇവിടെ സിംഗിൾ സെക്ഷൻ പ്രവൃത്തി മാത്രമാണ് ചെയ്തിട്ടുള്ളത് എന്ന് ഓവർസീയറുടെ സാന്നിധ്യത്തിൽ 16-10-2023 ന് പ്രവൃത്തി സ്ഥലം സന്ദർശിച്ചപ്പോൾ വ്യക്തമായി. ആയത് പ്രകാരം സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ബാധകമായ പ്രൈസ് അംഗീകൃത കോഡ് 50.10.2 ഡാറ്റ അനുസരിച്ചുള്ള നിരക്ക് മാത്രമാണ് നൽകാവുന്നത്.

ഷീറ്റ് മേയുന്നതിന് മേൽക്കൂര നിർമ്മിക്കുമ്പോൾ സിംഗിൾ സെക്ഷൻ പ്രവൃത്തികളായ വാൾ പ്ലേറ്റ്, കോമൺ റാഫ്റ്റർ എന്നിവയ്ക്ക് ബിൽറ്റപ്പ് സെക്ഷൻ പ്രവൃത്തിയുടെ നിരക്ക് നൽകിയത് ശരിയല്ല. മേൽ പ്രവൃത്തികൾക്ക് സിംഗിൾ സെക്ഷൻ പ്രവൃത്തികളുടെ നിരക്ക് മാത്രമെ നൽകാനാവൂ. ഈയിനത്തിന് അധിക നിരക്ക് നൽകിയതിന് വിശദീകരണം നൽകേണ്ടതും ഈയിനത്തിൽ അധികം നൽകിയ 82381 രൂപ ഈ ഈടാക്കി അറിയിക്കേണ്ടതുമാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം, ചെയ്ത അളവ് | നൽകിയ തുക (Code 50.10.1) | നൽകാവുന്ന തുക (Code 50.10.2) | അധികം |
|---|---|---|---|---|
| ആയുർവേദ ഡിസ്പെൻസറി പുനരുദ്ധാരണം (252/22, 92/23)<br>അടങ്കൽ: 13,77,000 (MGNR)<br>TS: 2021-22/58431/8-3-22<br>കരാറുകാരൻ: ശ്രീ സുരേഷ് ബാബു<br>കരാർ: 23/21-22/31-3-22 (Item Rate)<br>അളവ് പുസ്തകം: 123/21-22,123A/21-22<br>ചെലവ്: 12,37,500രൂപ<br>BRN: 22151452018201522075/28-3-23: Rs 337500<br>BRN: 22151452018201522004/28-3-23: Rs 900000<br>കോസ്റ്റ് ഇൻഡക്സ്: DSR 2018, 36.44% | ഇനം 1<br>2055.18 Kg | 352956.61<br>@ 171.74/Kg<br>(191.08-10.12% Below ER) | 283142.14<br>@137.77/Kg<br>(153.29- 10.12% Below ER) | 82381<br>രൂപ<br>(69814.46 +GST 18% 12566.60 = 82381.06) |

**2) Departmental G I Pipe ഉപയോഗിച്ചുള്ള പ്രവൃത്തിക്ക് അധിക നിരക്ക് നൽകി; നഷ്ടം 18138 രൂപ**

Departmental G I Pipe ഉപയോഗിച്ച് സ്റ്റീൽ മേൽക്കൂര, സീലിംഗ് പോസ്റ്റ്, സ്ലൈഡിംഗ്, ചിമ്മിനി റൂഫ് മുതലായവ നിർമിച്ചിട്ടുണ്ട്. Departmental G I Pipe ഇതേ പ്രവൃത്തി സ്ഥലത്ത് നിന്ന് പൊളിച്ച് മാറ്റിയതിന്റെ വിശദാംശം ഇല്ല, കൂടാതെ, നിർമാണത്തിന് അധിക നിരക്ക് നൽകിയത് വഴി 18138 രൂപയുടെ നഷ്ടം വന്നിട്ടുണ്ട്.

ഈ പ്രവൃത്തിയുടെ എക്സ്ട്രാ ഇനം (4) പ്രകാരം 497.77 Kg Departmental G I Pipe ഉപയോഗിച്ച് ട്രസ്സ് വർക്ക് ചെയ്യതിന് 71.61/kg നിരക്കിൽ ( E R @ 79.68/kg) 35645.31 രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ ഈ Departmental G I Pipe ഇതേ പ്രവൃത്തി സ്ഥലത്ത് നിന്ന് പൊളിച്ച് മാറ്റുന്നതിനുള്ള പ്രവൃത്തി ഈ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. ആയതിനാൽ Departmental G I Pipe ലഭ്യമായത് എങ്ങിനെയാണെന്നും ഇതേ പ്രവൃത്തി സ്ഥലത്ത് നിന്ന് പൊളിച്ച് മാറ്റിയതാണെങ്കിൽ എത്ര അളവിൽ എന്തെല്ലാമാണ് പൊളിച്ച് മാറ്റിയതെന്നും പൊളിച്ച് മാറ്റിയതിൽ ഉപയോഗിക്കാത്തത് എന്തെല്ലാമാണെന്നുമുള്ള വിവരം ലഭ്യമാക്കേണ്ടതാണ്.

കൂടാതെ ഈ പ്രവൃത്തി Single Section പ്രവൃത്തി ആയിട്ടാണ് ചെയ്തിട്ടുള്ളത്. എന്നാൽ Single Section പ്രവൃത്തിക്കുള്ള ഇനമായ 50-10-2 എന്ന ഡാറ്റ പ്രകാരം നിരക്ക് കണക്കാക്കുന്നതിന് പകരം Truss Work ന് ഉള്ള ഇനമായ 50-10-1 എന്ന ഡാറ്റ പ്രകാരമാണ് ഈ പ്രവൃത്തിയുടെ നിരക്ക് കണക്കാക്കുന്നതിന് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കിയത്. ആയതിനാൽ ഈ പ്രവൃത്തിക്ക് താഴെ പറയും പ്രകാരം 18138 രൂപ അധികം നൽകിയിട്ടുണ്ട്. പ്രവൃത്തിക്ക് നൽകിയ നിരക്കിന്റെയും നൽകാവുന്നതിന്റെയും വിശദാംശം താഴെ കൊടുക്കുന്നു.

| നൽകിയത്(Code 50-10-1 പ്രകാരം (112.53 കിലോ ഗ്രാമിന്) | | | നൽകാവുന്നത്(Code 50-10-2 പ്രകാരം (39.06 കിലോ ഗ്രാമിന്) | | |
|---|---|---|---|---|---|
| Code | ഇനം | നിരക്ക് | Code | ഇനം | നിരക്ക് |
| 1215 | Welding(357cmx2) | 714 | 1215 | Welding(29cmx2) | 58 |
| 0102 | Blacksmith(1.5dayx738) | 1107 | 0102 | Blacksmith (.3 Dayx738) | 221.40 |
| 0100 | Bandhani (75 Dayx617) | 462.75 | 0100 | Bandhani .15 Dayx 617 | 92.55 |
| 0114 | Beldar (5.5 Dayx558) | 3069 | 0114 | Beldar (1.1 Dayx 558) | 613.80 |
| 999 | Sundries (80.73x2) | 161.46 | 999 | Sundries 16.14x 2) | 32.28 |
| 13-50-3 | Priming Coat(3.8 Sqmx44) | 143.98 | 13-50-3 | Priming Coat (2.62x44) | 115.28(A) |
| | ആകെ | 5658.19 | | | 1133.31 |
| Unit | | 112.53 Kg | | | 39.06 Kg |
| Rate For 1 Kg | (5658.19/112.53 Kg) | 50.28/kg | | (1133.31/39.06 Kg) | 29.01/kg |
| (+) Water Charge | | 0.50 | | Except (A) le 1% Of 29.01-(115.28/39.06) | 0.26 |
| Total | | 50.78 | | | 29.27 |
| (+)CPOH@ 15% | | 7.62 | | Except (A) le 15% Of 29.27-(115.28/39.06) | 3.95 |
| Total | | 58.40 | | | 33.22 |
| (+) C I, 36.44% | | 21.28 | | | 12.10 |
| Total | | 79.68 | | | 45.32 |
| നൽകിയ തുക | 497.77 Kg X 71.61(79.68-10.12% Tender Below) | 35645.31 | നൽകാവുന്ന തുക | 497.77 Kg X 40.73 (45.32-10.12% Tender Below) | 20274.17 |

| | | | | | |
|---|---|---|---|---|---|
| | | | | അധികം | 15371.14 |
| | | | | (+) GST 18% | 2766.80 |
| | | | | ആകെ | 18137.94<br>le 18138 രൂപ |

അധികം നൽകിയ 100519 രൂപ (82381+18138) ഈടാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 28/18-10-23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിലഭ്യമാക്കിയിട്ടില്ല. ആയതിനാൽ നഷ്ടം 100519 രൂപ ഈ പ്രവൃത്തിയുടെ അളവെടുത്ത അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നീടാക്കി അറിയിക്കേണ്ടതാണ്.

## 1-24 ഹോമിയോ മരുന്ന് മുഴുവനും ലഭ്യമായില്ല.

| | |
|---|---|
| പ്രോജക്ട് | ഹോമിയോ ഡിസ്പൻസറിയിലേക്കും മരുന്ന് വാങ്ങൽ<br>(പ്രോജക്ട് നമ്പർ.29/2022-23) |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| അടങ്കൽ | 250000 (Maintanance Fund- Non Road) |
| ചെലവ് | 250000 |
| ബിൽ നമ്പർ | 22151452022400598398/30-9-22 |
| പ്രൊഫോർമ ഇൻവോയിസ് നമ്പർ | PF- 171/22-8-2022 |

മേൽ പദ്ധതി പ്രകാരം ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി ഹോംകോക്ക് മുൻകൂറായി 250000/- രൂപ നല്കിയിരുന്നു. എന്നാൽ നാളിതു വരെ മരുന്ന് മുഴുവനായും സ്ഥാപനത്തിൽ ലഭ്യമായിട്ടില്ല. വിശദ വിവരം ചുവടെ

| ഇൻവോയ്സ് | മരുന്ന് ലഭിച്ചത് | ഇനിയും ലഭിക്കാനുള്ളത് |
|---|---|---|
| LF570/19-7-23 | 67972 | 182028 (250000-67972) |

അവശേഷിക്കുന്ന 182028 രൂപയുടെ മരുന്ന് ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 23/17-10-23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അവശേഷിക്കുന്ന 182028 രൂപയുടെ മരുന്ന് ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-25 നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകിയ മുൻകൂറുകൾ ക്രമീകരിച്ചില്ല.

1. നിർവ്വഹണ ഉദ്യോഗസ്ഥർക്ക് 2022-23 വർഷം നൽകിയ താഴെ പറയുന്ന മുൻകൂറുകൾ ക്രമീകരിച്ചതായി കാണുന്നില്ല.

| വൗച്ചർ | തുക | കൈപറ്റിയ ആൾ | ആവശ്യം |
|---|---|---|---|
| 22200153/2.5.2022 | 1000 | ഐസിഡിഎസ് സൂപ്പർവൈസർ | ടിഡിഎസ് ഇ ഫയലിംഗ് ചാർജ്. |
| 22200326/23.07.2022 | 28930 | ആയുർവ്വേദ മെഡിക്കൽ ഓഫീസർ | കണ്ടിജന്റ് ചാർജസ് (ആകെ വൗച്ചർ തുക 58930 രൂപയിൽ 30000 രൂപ ക്രമീകരിച്ചു |
| 22200402/26.8.2022 | 2915 | ഐസിഡിഎസ് സൂപ്പർവൈസർ | കണ്ടിജന്റ് ചാർജസ് |

| | | | |
|---|---|---|---|
| 22200490/28.9.2022 | 147471 | വെറ്റിനറി സർജൻ | കണ്ടിജന്റ് ചാർജസ് |
| ആകെ | 180316 | | |

2. നിർവ്വഹണ ഉദ്യോഗസ്ഥർക്ക് മുൻവർഷങ്ങളിൽ നൽകിയ മുൻകൂറുകളിൽ 507296 രൂപ ക്രമീകരിക്കാത്ത വർഷാരംഭ ബാലൻസ് തുകയായി 2022-23 ലെ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കേരള ഫിനാൻഷ്യൽ കോഡ് വോള്യം I ആർട്ടിക്കിൾ 99 പ്രകാരം മുൻകൂറുകൾ കൈപറ്റി മൂന്ന് മാസത്തിനകം വിശദമായ വൗച്ചറുകൾ സഹിതം ക്രമീകരിക്കേണ്ടതും അല്ലാത്തപക്ഷം 18% പലിശ സഹിതം ഒറ്റ തവണയായി തിരികെ ഈടാക്കേണ്ടതുമാണ്. മുൻകൂർ ക്രമീകരിച്ചതിന്റെ വിവരം /ചെലവുരേഖകൾ ലഭ്യമാക്കുകയോ തുക പലിശ സഹിതം ഈടാക്കുകയോ ചെയ്യേണ്ടതാണ്.

3. ഓഡിറ്റിനു ലഭ്യമാക്കിയ 2022-23 വർഷത്തെ അഡ്വാൻസ് രജിസ്റ്ററിൽ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് മുൻവർഷങ്ങളിൽ നൽകിയ മുൻകൂറുകളിൽ ക്രമീകരിക്കാൽ അവശേഷിക്കുന്നവ സംബന്ധിച്ച വിവരങ്ങളോ തൻവർഷം നൽകിയ മുൻകൂറുകൾ സംബന്ധിച്ച വിവരങ്ങളോ ഇല്ല. അഡ്വാൻസ് രജിസ്റ്റർ കാലികമാക്കി ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

## 1-26 ഗ്രൗണ്ട് വാട്ടർ ഡിപാർട്ടുമെന്റിനു നൽകിയ മുൻകൂർ ക്രമീകരിച്ചില്ല.

2022-2023 വർഷം താഴെ പറയുന്ന പ്രവൃത്തികൾക്കായി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിനു പണം മുൻകൂറായി നൽകിയിട്ടുണ്ട്
.

| ക്രമ നം. | പ്രവൃത്തി | ചെലവ് തുക | ഏജൻസി | വൗച്ചർ/ബിൽ നമ്പർ |
|---|---|---|---|---|
| 1 | വിവിധ അംഗനവാടികളിലേക്ക് കുടിവെള്ളം ലഭ്യമാക്കൽ ( പ്രൊ. നം. 51/23) | 453340 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 22200960/7.3.23 Rs. 56175, 22200961/7.3.23 Rs. 397165 |
| 2 | കുടുമക്കാട് കുടിവെള്ള പദ്ധതി -കുഴൽകിണർ നിർമ്മാണം ( പ്രൊ. നം. 357/23) | 45348 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 22151452000300915430/15.12.2022 |
| 3. | വിവിധ അംഗനവാടികളിലേക്ക് കുടിവെള്ളം ലഭ്യമാക്കൽ ( പ്രൊ. നം. 410/23) | 28490 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 222010124/20.3.23 |

ഇത് സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1 . മുൻകൂറായി നൽകിയ തുകകൾ അഡ്വാൻസ് റജിസ്റ്ററിൽ രേഖപ്പെടുത്തിക്കാണുന്നില്ല.

2. വാർഷിക ധനകാര്യ പത്രികയിൽ Deposit With Groundwater Department (460500204) എന്ന ശീർഷകത്തിൽ ചെലവ് അക്കൗണ്ട് ചെയ്തിട്ടില്ല.

3. ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് മലപ്പുറം ജില്ലാ ഓഫീസറുടെ ജിഎം 148/23 തീയ്യ21.1.2023 കത്തിൽ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിനു മുൻകൂർ നൽകുമ്പോൾ ട്രാൻസാക്ഷൻ വിവരങ്ങൾ, യുടിആർ നമ്പർ, പ്രൊജക്റ്റ് വിവരങ്ങൾ എന്നിവ നൽകണമെന്ന നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ വിവരങ്ങൾ നൽകിട്ടില്ല.

ഈ പ്രവൃത്തികളുടെ പൂർത്തീകരണവിവരം ലഭ്യമായിട്ടില്ല.

മുകളിൽ സൂചിപ്പിച്ച അക്കൗണ്ടിംഗ് അപാകതകൾ നിലനിൽക്കെ ഡെപ്പോസിറ്റ് പ്രവൃത്തികളിൽ മോണിറ്ററിംഗിനും തുടർനടപടികൾക്കും ഗ്രാമപഞ്ചായത്തിൽ ഉള്ള സംവിധാനങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കേണ്ടതാണ്.

പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/11.10.2023) മറുപടി ലഭ്യമായിട്ടില്ല. അതുവരെ ചെലവ് തുക 5,27,178/- രൂപ തടസ്സം ചെയ്യുന്നു.

## 1-27 കെഎസ്ഇബിക്ക് നൽകിയ മുൻകൂറുകൾ ക്രമീകരിച്ചില്ല.

2022-2023 വർഷം താഴെ പറയുന്ന പ്രൊജക്റ്റുകളിൽ കെഎസ്ഇബിക്ക് പണം മുൻകൂറായി നൽകിയിട്ടുണ്ട് .

| ക്രമ നം. | പ്രവൃത്തി | ചെലവ് തുക | ഏജൻസി | വൗച്ചർ/ബിൽ നമ്പർ |
|---|---|---|---|---|
| 1 | കരിമ്പനക്കൽ കുടിവെള്ള പദ്ധതി ത്രീ ഫേസ് വൈദ്യുതി ലൈൻ സ്ഥാപിക്കൽ( പ്രൊ. നം. 158/23) | 127698 | കെഎസ്ഇബി | 228/15.12.2022 |
| 2 | ഒടോമ്പറ്റ ജിഎൽപി സ്കൂൾ കെട്ടിടത്തിനു ത്രീ ഫേസ് കണക്ഷൻ സ്ഥാപിക്കൽ ( പ്രൊ. നം. 359/23) | 34562 | കെഎസ്ഇബി | 22200707/20.12.2022 |

ഇത് സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1 . മുൻകൂറായി നൽകിയ തുകകൾ അഡ്വാൻസ് റജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

2. വാർഷിക ധനകാര്യ പത്രികയിൽ Deposit With KSEB (460500202) എന്ന ശീർഷകത്തിൽ ചെലവ് അക്കൗണ്ട് ചെയ്തിട്ടില്ല.

3. ഈ ശീർഷകത്തിൽ 2022- 23 ൽ 388151 രൂപ വർഷാരംഭ/വർഷാന്ത്യ ബാലൻസുകൾ ഉണ്ട്. എന്നാൽ വിവരം അഡ്വാൻസ് റജിസ്റ്ററിൽ ഇല്ല.

മുകളിൽ സൂചിപ്പിച്ച അക്കൗണ്ടിംഗ് അപാകതകൾ നിലനിൽക്കെ ഡെപ്പോസിറ്റ് പ്രവൃത്തികളിൽ മോണിറ്ററിംഗിനും തുടർനടപടികൾക്കും ഗ്രാമപഞ്ചായത്തിൽ ഉള്ള സംവിധാനങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. അത് വരെ ചെലവ് തുക 1,62,260 രൂപ തടസ്സം ചെയ്യുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ്എൻക്വയറി 15/16.10.2023 -നു മറുപടി നൽകിയിട്ടില്ല.

## 1-28 അംഗണവാടികൾക്ക് മിക്സി വാങ്ങൽ -ഗുണനിലവാരം വിലയിരുത്തിയത് ആധികാരികമല്ല

നിർവ്വഹണം: ഐ.സി.ഡി.എസ്. സൂപ്പർവൈസർ

പ്രൊജക്ട്: 166/23, അംഗണവാടികൾക്ക് പാചക പാത്രങ്ങളും മിക്സിയും വാങ്ങൽ

ബിൽ നം: 20/14.2.23 : 199500 (MG NR)

കിഡ്സ് ക്യാമ്പ് മലപ്പുറം എന്ന സ്ഥാപനത്തിൽ നിന്നും( ഇൻവോയ്സ് A20/31.3.23) മിക്സി വാങ്ങിയിട്ടുണ്ട്. ബട്ടർ ഫ്ലൈ ബ്രാന്റിന്റെ 3990 രൂപ വില വരുന്ന 50മിക്സികളാണ് വാങ്ങിയിട്ടുള്ളത്. ടെണ്ടറിൽ പങ്കെടുത്ത വിവിധ സ്ഥാപനങ്ങൾ വിവിധ നിരക്കുകളിലും ബ്രാന്റിലുമുള്ള മിക്സികളുടെ വില ക്വാട്ട് ചെയ്തിട്ടുണ്ട്. 3275 രൂപ (ഹെഡ്കോ പന്തീരങ്കാവ്), 3298/-, 3820/-(റാണി മെറ്റൽസ് കോഴിക്കോട്), 3100/-(KPM Store പാലക്കാട്) 3145/- (KPM Enterprises), 3479/-(സിതാര കോട്ടയം)എന്നിങ്ങനെ ബ്രാക്കറ്റിൽ നൽകിയ സ്ഥാപനങ്ങൾ അവയോട് ചേർന്ന് നൽകിയ വിലകളിലുള്ള ബട്ടർ ഫ്ലൈ ബ്രാന്റിലുള്ളവ തന്നെ ക്വാട്ട് ചെയ്തിട്ടുണ്ടെങ്കിലും ഗുണനിലവാരമുള്ളതെന്ന് പർച്ചേസ് കമ്മിറ്റിയും ഭരണ സമിതിയും വിലയിരുത്തി കൂടുതൽ വില (3990/-)ക്വാട്ട് ചെയ്തത് വാങ്ങിയിരിക്കുന്നു. ISI മുദ്ര പോലെ സർക്കാർ തലത്തിൽ ഗുണനിലവാരം വിലയിരുത്തിയ ഒരേ ബ്രാന്റിലുള്ളതിനെ പോലും ക്ഷമതയുള്ള ഒരു ടെക്നിക്കൽ അതോറിറ്റിയുടെ സാക്ഷ്യപത്രമില്ലാതെ വിലയിരുത്തി, വില കൂടിയ ക്വാട്ട് അംഗീകരിച്ച് വാങ്ങൽ നടത്തിയത് ഉചിതമാണെന്ന് കരുതുന്നില്ല. പ്രൊക്യൂർമെന്റ് മാന്വൽ പൂർണ്ണമായി പാലിക്കാതെ പർച്ചേസ് നടത്തിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം.25/18.10.2023)നൽകി. മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രൊക്യൂർമെന്റ് മാന്വൽ പൂർണ്ണമായി പാലിച്ചും സുതാര്യമായും മാത്രം വാങ്ങൽ നടത്തേണ്ടതാണ്.

## 1-29 സർക്കാർ നിർദ്ദേശം ലംഘിച്ച് മരുന്ന് വാങ്ങി

നിർവ്വഹണം : മെഡിക്കൽ ഓഫീസർ FHC

പട്ടികപ്പെടുത്തിയ പദ്ധതികൾക്കായി മരുന്ന് വാങ്ങിയിട്ടുണ്ട്.

| പ്രോജക്ട് | ബിൽ നം. | വിതരണം | ഇൻവോയ്സ് നം. | തുക |
|---|---|---|---|---|
| 28/23 , എഫ് എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ | 22151452022200734018/4.11.22 | കൺസ്യൂമർ ഫെഡ് | 2223109103722/15.9.22 | 245975 (MG NR) |
| | 22151452022200733985/ 4.11.22 (കിഡ്നി രോഗികൾക്കുള്ള മരുന്ന്) | കൺസ്യൂമർ ഫെഡ് | 2223109103720/15.9.22 | 225072 (MG NR) |
| | | കാരുണ്യ | 3328/16.6.22 | 192692 (MG NR) |
| | 22151452022200733820/4.11.22 | കൺസ്യൂമർ ഫെഡ് | 2223109103756/16.9.22 | 240478 (വികസന ഫണ്ട്) |
| | 22151452022201008557/ 6.1.23 | കൺസ്യൂമർ ഫെഡ് | 2223109105693/ 17.12.22 | 435303 (വികസന ഫണ്ട്) |
| | | | 2223109105816/2312.22 | |
| | | | 2223109105911/27.12.22 | |
| | 22151452022201330726/ 10.3.23 | നീതി മെഡിക്കൽ സ്റ്റോർ നിലമ്പൂർ | 2223232108667 /3.2.23 | 34813 (വികസന ഫണ്ട്) |
| | CCS3219310183/4.3.23 | കൺസ്യൂമർ ഫെഡ് | 2223109107390/6.3.23 | 331031 CFC |
| | 22151452022200394234/6.8.22 | കൺസ്യൂമർ ഫെഡ് | 2223109101903/17.6.22 | 15000 |

28.5.2022ലെ സ.ഉ(കൈ)115/2022/LSGD ഉത്തരവ് (സബ്സിഡി മാർഗ്ഗരേഖ) ഖണ്ഡിക 7.6.4(1) പ്രകാരം അലോപ്പതി മരുന്നുകൾ KMSCL ൽ നിന്ന് മാത്രമേ വാങ്ങാവൂ എന്ന് കൃത്യമായി നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിൽ നിന്ന് ലഭിക്കുന്നതിന് കാലതാമസം വരുന്ന പക്ഷം കൊല്ലത്തുള്ള കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ഡിപ്പോയിൽ നിന്നും

വാങ്ങുന്നതിനാണ് അനുമതിയുള്ളത്. പ്രസ്തുത രണ്ട് സ്ഥാപനങ്ങളിൽ നിന്നും മരുന്ന് ലഭിക്കുന്നതിന് കാലതാമസം നേരിടുകയും പാലിയേറ്റീവ് പ്രവർത്തനങ്ങൾ അടക്കമുള്ള അത്യാവശ്യം വരുന്ന പക്ഷം പ്രസ്തുത ഘട്ടങ്ങളിൽ മാത്രം കാരുണ്യ,മാവേലി സ്റ്റോർ,ജൻഔഷധി തുടങ്ങിയവയിൽ നിന്ന് വാങ്ങുന്നതിനും അനുമതി നൽകിയിട്ടുണ്ട്. പദ്ധതികൾ പ്രകാരം മരുന്ന് വാങ്ങുന്നതിന് KMSCL, കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ഡിപ്പോ കൊല്ലം എന്നിവയോട് മരുന്ന് ലഭ്യമാക്കേണ്ട കാലയളവ് സംബന്ധിച്ച് ഉറപ്പ് വാങ്ങൽ/ കാലതാമസം നേരിടുമെന്ന് അറിയിക്കൽ സംബന്ധിച്ച് നൽകിയ യാതൊരു രേഖയും ഫയലിൽ ഇല്ല.

KMSCL, കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ഡിപ്പോ കൊല്ലം എന്നിവയിൽ നിന്ന് വാങ്ങാതെ സർക്കാർ നിർദ്ദേശം ലംഘിച്ച് മുഴുവൻ മരുന്നും മറ്റ സ്ഥാപനങ്ങളിൽ നിന്ന് വാങ്ങിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം.26/18.10.2023) നൽകി. മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശം പാലിക്കാതെ മരുന്ന് വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-30 മരുന്ന് പൂർണ്ണമായി ലഭിച്ചിട്ടില്ല

നിർവ്വഹണം : മെഡിക്കൽ ഓഫീസർ (FHC)

| പ്രൊജക്ട് | ചെക്ക്/ബിൽ നം./തി | തുക | ഫണ്ട് |
|---|---|---|---|
| 28/23 FHCയിലേക്ക് മരുന്ന് വാങ്ങൽ | 2215145202220133O755/10.3.23 | 350000 | MG NR |

PRF 5119/9.3.23നമ്പർ പ്രൊഫോർമ ഇൻവോയ്സ് പ്രകാരം ടി തുക ഒടുക്കിയതിനെ തുടർന്ന് കെ.എം.എസ്.സി.എല്ലിൽ നിന്ന് 8 ഇൻവോയ്സുകൾ മുഖേന 126213 രൂപയുടെ മരുന്നാണ് ലഭിച്ചിട്ടുള്ളത്. 223787 രൂപയുടെ മരുന്ന് കൂടി ലഭിക്കാനുണ്ട്.

മരുന്ന് ലഭ്യമാക്കി രേഖകൾ സഹിതം വിവരം ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം.27/18.10.2023) നൽകി. മറുപടി ലഭ്യമാക്കിയിട്ടില്ല.മരുന്ന് ലഭ്യമാക്കി രേഖകൾ സഹിതം വിവരം ലഭ്യമാക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 സ്റ്റീൽ മേൽക്കൂര നിർമാണത്തിന് അധിക നിരക്ക് നൽകി; നഷ്ടം 100519 രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ.

**1) സ്റ്റീൽ മേൽക്കൂര നിർമാണത്തിന് അധിക നിരക്ക് നൽകി; നഷ്ടം 82381 രൂപ**

GI പൈപ്പ് ഉപയോഗിച്ചുള്ള പ്രവൃത്തികൾക്ക് പ്രൈസ് സോഫ്റ്റ്‌വെയർ പ്രകാരം രണ്ട് വ്യത്യസ്ത നിരക്കുകൾ അംഗീകരിച്ച് നൽകിയിട്ടുണ്ട്.

എ) വ്യത്യസ്ത തരം പൈപ്പുകൾ മുറിച്ച് പരസ്പരം വെൽഡ് ചെയ്ത് നിർമിക്കുന്ന ട്രസ്സ് പ്രവൃത്തിക്കുള്ള (Builtup ) നിരക്ക് ( 50.10.1)

ബി) സിംഗിൾ സെക്ഷൻ പ്രവൃത്തി (കട്ടിങ്ങ്, വെൽഡിംഗ് എന്നിവ താരതമ്യേന കുറവ്) ( 50.10.2)

സിംഗിൾ സെക്ഷൻ പ്രവൃത്തിക്കുള്ള ഡാറ്റയിൽ (50.10.2) Steel Work For Purlin/single Section With Gl Pipes Including Cutting, Hoisting, Fixing In Position.... എന്നാണ് പറയുന്നത്.

ഗ്രാമ പഞ്ചായത്തിലെ താഴെ പറയുന്ന മേൽക്കൂര നിർമാണ പ്രവൃത്തിയിൽ മേൽക്കൂര സ്റ്റീൽ പൈപ്പ് ഉപയോഗിച്ച് നിർമിച്ചതിനും റൂം സീലിംഗ് ചെയ്യുന്നതിനായി ഫ്രെയിം വർക്ക് ചെയ്തതിനും ട്രസ്സ് വർക്കിന് ബാധകമായ നിരക്കാണ് (Code 50.10.1) നൽകിയിട്ടുള്ളത്. എന്നാൽ ഇവിടെ സിംഗിൾ സെക്ഷൻ പ്രവൃത്തി മാത്രമാണ് ചെയ്തിട്ടുള്ളത് എന്ന് ഓവർസീയറുടെ സാന്നിധ്യത്തിൽ 16-10-2023 ന് പ്രവൃത്തി സ്ഥലം സന്ദർശിച്ചപ്പോൾ വ്യക്തമായി. ആയത് പ്രകാരം സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ബാധകമായ പ്രൈസ് അംഗീകൃത കോഡ് 50.10.2 ഡാറ്റ അനുസരിച്ചുള്ള നിരക്ക് മാത്രമാണ് നൽകാവുന്നത്.

ഷീറ്റ് മേയുന്നതിന് മേൽക്കൂര നിർമ്മിക്കുമ്പോൾ സിംഗിൾ സെക്ഷൻ പ്രവൃത്തികളായ വാൾ പ്ലേറ്റ്, കോമൺ റാഫ്റ്റർ എന്നിവയ്ക്ക് ബിൽറ്റപ്പ് സെക്ഷൻ പ്രവൃത്തിയുടെ നിരക്ക് നൽകിയത് ശരിയല്ല. മേൽ പ്രവൃത്തികൾക്ക് സിംഗിൾ സെക്ഷൻ

പ്രവൃത്തികളുടെ നിരക്ക് മാത്രമെ നൽകാനാവൂ. ഈയിനത്തിന് അധിക നിരക്ക് നൽകിയതിന് വിശദീകരണം നൽകേണ്ടതും ഈയിനത്തിൽ അധികം നൽകിയ 82381 രൂപ ഈ ഈടാക്കി അറിയിക്കേണ്ടതുമാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം, ചെയ്ത അളവ് | നൽകിയ തുക (Code 50.10.1) | നൽകാവുന്ന തുക (Code 50.10.2) | അധികം |
|---|---|---|---|---|
| ആയുർവേദ ഡിസ്പെൻസറി പുനരുദ്ധാരണം (252/22, 92/23)<br>അടങ്കൽ: 13,77,000 (MGNR)<br>TS: 2021-22/58431/8-3-22<br>കരാറുകാരൻ: ശ്രീ സുരേഷ് ബാബു<br>കരാർ: 23/21-22/31-3-22 (Item Rate)<br>അളവ് പുസ്തകം: 123/21-22,123A/21-22<br>ചെലവ്: 12,37,500രൂപ<br>BRN: 22151452018201522075/28-3-23: Rs 337500<br>BRN: 22151452018201522004/28-3-23: Rs 900000<br>കോസ്റ്റ് ഇൻഡക്സ്: DSR 2018, 36.44% | ഇനം 1<br>2055.18 Kg | 352956.61<br>@ 171.74/Kg<br>(191.08-10.12% Below ER) | 283142.14<br>@137.77/Kg<br>(153.29- 10.12% Below ER) | 82381<br>രൂപ<br>(69814.46 +GST 18% 12566.60 = 82381.06) |

**2) Departmental G I Pipe ഉപയോഗിച്ചുള്ള പ്രവൃത്തിക്ക് അധിക നിരക്ക് നൽകി; നഷ്ടം 18138 രൂപ**

Departmental G I Pipe ഉപയോഗിച്ച് സ്റ്റീൽ മേൽക്കൂര, സീലിംഗ് പോസ്റ്റ്, സ്ലൈഡിംഗ്, ചിമ്മിനി റൂഫ് മുതലായവ നിർമിച്ചിട്ടുണ്ട്. Departmental G I Pipe ഇതേ പ്രവൃത്തി സ്ഥലത്ത് നിന്ന് പൊളിച്ച് മാറ്റിയതിന്റെ വിശദാംശം ഇല്ല, കൂടാതെ, നിർമാണത്തിന് അധിക നിരക്ക് നൽകിയത് വഴി 18138 രൂപയുടെ നഷ്ടം വന്നിട്ടുണ്ട്.

ഈ പ്രവൃത്തിയുടെ എക്സ്ട്രാ ഇനം (4) പ്രകാരം 497.77 Kg Departmental G I Pipe ഉപയോഗിച്ച് ട്രസ്സ് വർക്ക് ചെയ്തതിന് 71.61/kg നിരക്കിൽ ( E R @ 79.68/kg) 35645.31 രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ ഈ Departmental G I Pipe ഇതേ പ്രവൃത്തി സ്ഥലത്ത് നിന്ന് പൊളിച്ച് മാറ്റുന്നതിനുള്ള പ്രവൃത്തി ഈ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. ആയതിനാൽ Departmental G I Pipe ലഭ്യമായത് എങ്ങിനെയാണെന്നും ഇതേ പ്രവൃത്തി സ്ഥലത്ത് നിന്ന് പൊളിച്ച് മാറ്റിയതാണെങ്കിൽ എത്ര അളവിൽ എന്തെല്ലാമാണ് പൊളിച്ച് മാറ്റിയതെന്നും പൊളിച്ച് മാറ്റിയതിൽ ഉപയോഗിക്കാത്തത് എന്തെല്ലാമാണെന്നുമുള്ള വിവരം ലഭ്യമാക്കേണ്ടതാണ്.

കൂടാതെ ഈ പ്രവൃത്തി Single Section പ്രവൃത്തി ആയിട്ടാണ് ചെയ്തിട്ടുള്ളത്. എന്നാൽ Single Section പ്രവൃത്തിക്കുള്ള ഇനമായ 50-10-2 എന്ന ഡാറ്റ പ്രകാരം നിരക്ക് കണക്കാക്കുന്നതിന് പകരം Truss Work ന് ഉള്ള ഇനമായ 50-10-1 എന്ന ഡാറ്റ പ്രകാരമാണ് ഈ പ്രവൃത്തിയുടെ നിരക്ക് കണക്കാക്കുന്നതിന് ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കിയത്. ആയതിനാൽ ഈ പ്രവൃത്തിക്ക് താഴെ പറയും പ്രകാരം 18138 രൂപ അധികം നൽകിയിട്ടുണ്ട്. പ്രവൃത്തിക്ക് നൽകിയ നിരക്കിന്റെയും നൽകാവുന്നതിന്റെയും വിശദാംശം താഴെ കൊടുക്കുന്നു.

| നൽകിയത്(Code 50-10-1 പ്രകാരം (112.53 കിലോ ഗ്രാമിന്) | | | നൽകാവുന്നത്(Code 50-10-2 പ്രകാരം (39.06 കിലോ ഗ്രാമിന്) | | |
|---|---|---|---|---|---|
| Code | ഇനം | നിരക്ക് | Code | ഇനം | നിരക്ക് |
| 1215 | Welding(357cmx2) | 714 | 1215 | Welding(29cmx2) | 58 |
| 0102 | Blacksmith(1.5dayx738) | 1107 | 0102 | Blacksmith (.3 Dayx738) | 221.40 |

| | | | | | |
|---|---|---|---|---|---|
| 0100 | Bandhani (75 Dayx617) | 462.75 | 0100 | Bandhani .15 Dayx 617 | 92.55 |
| 0114 | Beldar (5.5 Dayx558) | 3069 | 0114 | Beldar (1.1 Dayx 558) | 613.80 |
| 999 | Sundries (80.73x2) | 161.46 | 999 | Sundries 16.14x 2) | 32.28 |
| 13-50-3 | Priming Coat(3.8 Sqmx44) | 143.98 | 13-50-3 | Priming Coat (2.62x44) | 115.28(A) |
| | ആകെ | 5658.19 | | | 1133.31 |
| Unit | | 112.53 Kg | | | 39.06 Kg |
| Rate For 1 Kg | (5658.19/112.53 Kg) | 50.28/kg | | (1133.31/39.06 Kg) | 29.01/kg |
| (+) Water Charge | | 0.50 | | Except (A) le 1% Of 29.01-(115.28/39.06) | 0.26 |
| Total | | 50.78 | | | 29.27 |
| (+)CPOH@ 15% | | 7.62 | | Except (A) le 15% Of 29..27-(115.28/39.06) | 3.95 |
| Total | | 58.40 | | | 33.22 |
| (+) C I, 36.44% | | 21.28 | | | 12.10 |
| Total | | 79.68 | | | 45.32 |
| നൽകിയ തുക | 497.77 Kg X 71.61(79.68-10.12% Tender Below) | 35645.31 | നൽകാവുന്ന തുക | 497.77 Kg X 40.73 (45.32-10.12% Tender Below) | 20274.17 |
| | | | | അധികം | 15371.14 |
| | | | | (+) GST 18% | 2766.80 |
| | | | | ആകെ | 18137.94 le 18138 രൂപ |

അധികം നൽകിയ 100519 രൂപ (82381+18138) ഈടാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 28/18-10-23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ നഷ്ടം 100519 രൂപ ഈ പ്രവൃത്തിയുടെ അളവെടുത്ത അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നീടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2022-23 | 22-23 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ചു | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ | ലഭിച്ച | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച | നീക്കിയിരിപ്പ് |
|---|---|---|---|---|

| സ്ഥാപനം | തുക | | തുക | |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 440000 | 11/23-ലൈഫ് ഭവന പദ്ധതി | 440000 | 0 |
| | 200000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി 243/23 | 200000 | 0 |
| | 350000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്. 57/23 | 350000 | 0 |
| | 3020000 | 12/23-ലൈഫ് ഭവന പദ്ധതി-എസ്.സി | 3020000 | 0 |
| | 340000 | എസ്.സി-സ്കോളർഷിപ്പ്- | 340000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 320000 | ലൈഫ് ഭവനം (Sc)12/23 | 320000 | 0 |
| | 376525 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് -57/23 | 376525 | 0 |
| | 400000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി 243/23 | 400000 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റേയും ബാക്കി തുകയുടേയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ/ബിൽ/ ചെക്ക് നം./തിയ്യതി | മുൻകൂർ നല്കിയ തുക (₹) | ചെലവഴിച്ച തുക (₹) | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|
| GWD | വിവിധ അംഗണവാടിയിലേക്ക് കുടിവെള്ളം( പ്രൊ. നം. 51/23) | 22200960/7.3.23 Rs. 56175, 22200961/7.3.23 Rs. 397165 | 453340 | 453340 | UC ലഭിച്ചിട്ടില്ല | 0 |
| GWD | കുടുമക്കാട് കുടിവെള്ള പദ്ധതി -കുഴൽകിണർ നിർമ്മാണം ( പ്രൊ. നം. 357/23) | 22151452000300915430/ 15.12.2022 | 45348 | 45348 | UC ലഭിച്ചിട്ടില്ല | 0 |
| GWD | വിവിധ അംഗനവാടികളിലേക്ക് കുടിവെള്ളം ലഭ്യമാക്കൽ ( പ്രൊ. നം. 410/23) | 222010124/20.3.23 | 28490 | 28490 | UC ലഭിച്ചിട്ടില്ല | 0 |
| KSEB | കരിമ്പനക്കൽ കുടിവെള്ള പദ്ധതി ത്രീ ഫേസ് വൈദ്യുതി ലൈൻ സ്ഥാപിക്കൽ( പ്രൊ. നം. 158/23) | 228/15.12.2022 | 127698 | 127698 | UC ലഭിച്ചിട്ടില്ല | 0 |
| KSEB | ഒടോമ്പറ്റ ജിഎൽപി സ്കൂൾ കെട്ടിടത്തിന ത്രീ ഫേസ് കണക്ഷൻ സ്ഥാപിക്കൽ ( പ്രൊ. നം. | 22200707/20.12.2022 | 34562 | 34562 | UC ലഭിച്ചിട്ടില്ല | 0 |

| | | | | | | |
|---|---|---|---|---|---|---|
| | 359/23) | | | | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരം

ഇല്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം.തീയ്യതി | തൻവർഷ വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻ വ ർഷം അടച്ച മുതൽ | തൻ വർഷം അടച്ച പലിശ | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|
| KURDFC ലൈഫ് ഭവന പദ്ധതി | GO(MS)68/2018 /LSGD/ 18.05.18 | 14300000 | 19730589 | 7306770 | 0 | 26723819 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം**

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 3333977 |
| തൻവർഷം നിക്ഷേപിച്ച തുക | 181250 |
| ആകെ | 3515227 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3515227 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം |
|---|---|---|
| വെട്ടിക്കാട്ടിരി സർവ്വീസ് സഹകരണ ബാങ്ക് | 833977 | RI9490/12-10-22 |
| മലപ്പുറം ഡിസ്ട്രിക്ട് പഞ്ചായത്ത് എംപ്ളോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലി .നം.എം 567 സൊസൈറ്റി | 5000 | RPT363/27.12.01 |
| വെട്ടിക്കാട്ടിരി സർവ്വീസ് സഹകരണ ബാങ്ക് | 2681250 | RI9491/12-10-22 |
| ആകെ | 3520227 | |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളിന്റെ പേരും ഉദ്യോഗപ്പേരും | രശീതി നമ്പർ |
|---|---|---|---|---|
| ലഭ്യമല്ല. | ലഭ്യമല്ല. | 1000 | ലഭ്യമല്ല. | ലഭ്യമല്ല. |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

ഇല്ല

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

| വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 3-29 | 2010-11 | 5.3.10 അനുബന്ധം | മോട്ടോർ സ്ഥാപിക്കാത്ത മെഡിക്കൽ ഓഫീസർമാരുടെ പദ്ധതികൾ | അതേപടി നിലനിൽക്കുന്നു. |
| 2019-20 | 1-15, 1-20 | 2020-21 | | | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 282895383 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 295900091 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 100519 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2547184 |

**(ബി).പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.**

| ഖണ്ഡിക നം. | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | | 100519 | 1)ശ്രീമതി. ആര്യ.ആർ, അസിസ്റ്റന്റ് എഞ്ചിനീയർ -50260 രൂപ<br>2)ശ്രീ. മുരളീകൃഷ്ണൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ - 50250 രൂപ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 97635 | ശ്രീമതി. ഉഷ.എം,ഹെഡ് മിസ്ട്രസ്സ് |
| 1-19 | 1000000 | ശ്രീമതി. ഉഷ.എം,ഹെഡ് മിസ്ട്രസ്സ് |
| 1-21 | 760111 | ശ്രീമതി.ആര്യ.ആർ,അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-26 | 527178 | ശ്രീ. എം.ഡി. ജോയ്, സെക്രട്ടറി |
| 1-21 | 162260 | ശ്രീ. എം.ഡി. ജോയ്, സെക്രട്ടറി |
| ആകെ | 2547184 | |

ഇല്ല.

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ആര്യ.ആർ<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>പാണ്ടിക്കാട് ഗ്രാമ പഞ്ചായത്ത് | മറ്റപിള്ളിൽ ഹൗസ്,<br>ചോക്കാട്.പി.ഒ,<br>കാഞ്ഞിരംപാടം<br>മലപ്പുറം - 679332 |
| ശ്രീ. മുരളീകൃഷ്ണൻ<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ്<br>എഞ്ചിനീയർ,<br>ജില്ലാ പഞ്ചായത്ത്, മലപ്പുറം | തിരുവോണം,<br>ചെറുകര. പി.ഒ,<br>മലപ്പുറം<br>പിൻ-679340 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ക്ര.ന | വർഷം | ഈ വകുപ്പിൽ നിന്നുള്ള ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാത്ത ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1997-98 | കെ.എസ്.എ.എം.പി.എം.6/821 തി.01-11-2010 | 43 |
| 2 | 1998-99 | എൽ.എഫ്.എം.6/1107/01 തി.01.11.2010 | 30 |
| 3 | 1999-00 | എൽ.എഫ്.എം.6/1892/07 തി.01.11.2010 | 23 |
| 4 | 2000-01 | എൽ.എഫ്.എം.6/1230/09 തി.01.11.2010 | 4 |
| 5 | 2001-02 | എൽ.എഫ്.എം.6/1231/09 തി.01.11.2010 | 6 |
| 6 | 2000-01<br>2001-02<br>(ചെലവ്) | എൽ.എഫ്.എം.6/1812/04 തി.01.11.2010 | 52 |
| 7 | 2002-03 | എൽ.എഫ്.എം.6/1232/09 തി.01.11.2010 | 30 |

| | | | |
|---|---|---|---|
| 8 | 2003-04 | എൽ.എഫ്.എം.6/1413/09 തി.01.11.2010 | 36 |
| 9 | 2004-05 | എൽ.എഫ്.എം.6/414/09 തി.01.11.2010 | 6 |
| 10 | 2005-06 | എൽ.എഫ്.എം.7/407/11 തി.4.6.2011 | 9 |
| 11 | 2006-07 | എൽ.എഫ്.എം.7/694/11 തി.3.8.2014 | 7 |
| 12 | 2007-08 | എൽ.എഫ്.എം.7/779/09 തി.15.12.09 | 11 |
| 13 | 2008-09 | എൽ.എഫ്.എം.7/1165/11 തി.12.7.2011 | 10 |
| 14 | 2009-10 | എൽ.എഫ്.എം.7/1166/11 തി.11.7.2011 | 10 |
| 15 | 2010-11 | എൽ.എഫ്.എം.7/764/12 തി.8.11.12 | 6 |
| 16 | 2011-12<br>2012-13 | എൽ.എഫ്.എം.7/1980/14 തി:3.12.2014 | 14 |
| 17 | 2013-14<br>2014-15 | എൽ.എഫ്.എം.7/1405/16 തി:14.06.2016 | 18 |
| 18 | 2015-16 | കെ.എസ്.എ./എം.പി.എം.7/3207/17തി: 8.2.2017 | 8 |
| 19 | 2016-17 | കെ.എസ്.എ./എം.പി.എം.7/1563/17തി: 26.07.2017 | 12 |
| 20 | 2017-18 | കെ.എസ്.എ./എം.പി.എം.7/2609/18 തി: 04.12.2018 | 14 |
| 21 | 2018-19 | കെ.എസ്.എ./എം.പി.എം.7/1838/19 തി: 29/07/2019 | 21 |
| 22 | 2019-20 | കെ.എസ്.എ./എം.പി.എം.7/1128//21 /14.9.21 | 5 |
| 23 | 2020-21 | കെ.എസ്.എ./എം.പി.എം.7/1129/21/14.9.21 | 17 |
| 24 | 2021-22 | കെ.എസ്.എ./എം.പി.എം.7/2493/22 /09.03.23 | 20 |

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 27-07-2023 and submitted on 27-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Pandikkad Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Pandikkad Grama Panchayat for the year 2022-2023

**Date: 19/12/2023**

**Deputy Director**
**District Office Malappuram**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Pandikkad Grama Panchayat for the Year 2022-2023 .

**1.Major Observations**

Nil

**2.Other Observations**

1. The following mandatory financial statements prescribed in accounting rules are not submitted for audit.
    1. Ratios (Rule.62(2)(f)).
    2. Comparative amounts (Rule.62(3)).

    2.Amount of âÂÂÂÂNet increase in cash and cash equivalanceâÂÂÂÂ (19793004) and 'Net cash generated by Operating + Investing + Financing Activity (A+B+C)âÂÂÂÂ(-13004708) in cash flow statement do not tally with.

    3.Details of opening balance of the deposit received, not included in Deposit Register.

    4.Advance Register is incomplete.

    5.Investment Register is not authenticated by the Secretary and not made entries of necessary details.

    6.Rent Register is incomplete and abstract is not prepared in DCB format.

    7.There is balance of 35750/- in Proffession tax (employees) according to the schedules I-1 and RP-1 of the

annual financial statement,but it is not shown in balance sheet.

8.Advance collection of Licence fee not included in Demand as per I-4 schedule.

9.Sanchaya DCB statement of Property tax do not tally with the AFS.

10.Amounts not booked in related payment heads which deposited in Ground Water Department and KSEB

11.Asset Register is not updated.

12.Appropriation Control Registers of the funds of TSC, ICDS, Yuvakreeda etc., were not produced for verification.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്